## പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-2021)

എഴുപത്തിനാലാമത്.... റിപ്പോർട്ട്

(2021 ജനുവരി മാസം ..21..-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008) യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021


Rs.

# പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-21)

എഴുപത്തിആറാമത്...... റിപ്പോർട്ട്

(2021 ജനുവരി മാസം ..21..-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008) യുടെ ഒന്നാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

Rs.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | I |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | : | 37 |
| അനുബന്ധം II | | |
| തിരുവല്ല നഗരസഭയിലെ രാമപുരം മാർക്കറ്റ് സ്റ്റാളുകളുടെ നിർമ്മാണം-പരിശോധനാ റിപ്പോർട്ട് | : | 41 |


Rs.

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-21)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. കെ. സുരേഷ് കുറുപ്പ്

**അംഗങ്ങൾ**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

**ശ്രീ. കെ.വി. വിജയദാസ്

***ശ്രീ. എൻ. വിജയൻപിള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ.ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി. എ.വി.ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.

** 2021 ജനുവരി മാസം 18-ാം തീയതി നിര്യാതനായി.

*** 2020 മാർച്ച് മാസം 08-ാം തീയതി നിര്യാതനായി.

Rs.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 76-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ ഒന്നാമത് റിപ്പോർട്ടിലെ (ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2021 ജനുവരി 21

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

Rs.

# റിപ്പോർട്ട്

## അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ ഒന്നാമത് റിപ്പോർട്ട് (ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ ഒന്നാമത് റിപ്പോർട്ട് 2006 ഒക്ടോബർ മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 31 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടി 31/12/2008, 10/11/2009, 21/05/2014, 14/06/2017 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ 24/06/2015, 19/10/2017, 10/01/2019 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി തെളിവെടുപ്പ് നടത്തുകയും അധികവിവരങ്ങൾ ആരായുകയും തുടർശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ ഖണ്ഡിക 92, 93, 94, 95, 96, 100, 117 എന്നിവ സംബന്ധിച്ച നടപടി വിശദീകരണ പത്രികകളും അതോടൊപ്പം സമിതി വിവിധ യോഗങ്ങളിൽ ആരാഞ്ഞ അധികവിവരങ്ങളും നിരവധി വർഷങ്ങൾക്ക് ശേഷവും സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കാതിരുന്നതിനെത്തുടർന്ന് സമിതി 30/05/2018-ന് തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ 2018 ഒക്ടോബർ മാസത്തിനകം എല്ലാ ശിപാർശ ഖണ്ഡികകൾക്കുമുള്ള നടപടി വിശദീകരണ പത്രികകൾ

ലഭ്യമാക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ഉറപ്പുനൽകുകയും ഈ സമയ പരിധിയ്ക്കുള്ളിൽ നടപടി വിശദീകരണ പത്രികകൾ സമിതി മുമ്പാകെ ലഭ്യമാക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നിട്ടും നാളിതുവരെ പ്രസ്തുത നടപടി വിശദീകരണ പത്രികകൾ ലഭ്യമാക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തുകയും ഭരണ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായിരിക്കുന്ന നിരുത്തരവാദപരമായ നടപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതോടൊപ്പം പ്രസ്തുത നടപടി വിശദീകരണ പത്രികകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നും സമിതി കർശന നിർദ്ദേശം നൽകുന്നു.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആരാഞ്ഞ അധികവിവരം അവയ്ക്ക് സർക്കാരിൽ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച മറുപടി, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.6 റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകൾ 92, 93, 94, 95, 96, 100, 117 എന്നിവയ്ക്ക് യാതൊരു മറുപടിയും നാളിതുവരെ സർക്കാർ ലഭ്യമാക്കിയിട്ടില്ല പ്രസ്തുത ശിപാർശകൾ തുടർശിപാർശയായി അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശ കളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർശിപാർശയും**

### ഖണ്ഡിക നമ്പർ 17, 18

### ശിപാർശ

2.1.1 നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുമ്പോൾ വർഷംതോറും 5% വർദ്ധനവ് വരുത്തണമെന്ന വ്യക്തമായ സർക്കാർ ഉത്തരവുണ്ടായിരിക്കെ അക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് ഉത്തരവിനു അനുസൃതമായി വർദ്ധനവ് വരുത്തുവാൻ ബാദ്ധ്യസ്ഥനായ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ അപ്രകാരം ചെയ്യാതെ സർക്കാർ ഉത്തരവിനു വിരുദ്ധമായ കൗൺസിൽ തീരുമാനത്തിനു സാഹചര്യമൊരുക്കിയതുവഴി നഗരസഭയ്ക്ക് 42,276 രൂപയുടെ നഷ്ടമാണ് വരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത സെക്രട്ടറിയിൽ നിന്നുതന്നെ തുക പലിശ സഹിതം ഈടാക്കണമെന്ന സമിതി ശിപാർശ ചെയ്യുന്നു.

2.1.2 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ നാളിതുവരെ തുടർനടപടി സ്വീകരിക്കാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.3 ബന്ധപ്പെട്ട റിട്ട. മുനിസിപ്പൽ സെക്രട്ടറി ശ്രീ. ജെ. സെബാസ്റ്റ്യന് അറിയിപ്പ് നൽകിയിട്ടുണ്ട്. അദ്ദേഹം ടി നോട്ടീസും പകർപ്പും കൈപ്പറ്റിയിട്ടുണ്ട്. മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല. ടിയാന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ നിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. നഗരകാര്യ ഡയറക്ടറോട് 24/01/2007 തീയതിയിലെ എ 3-4897/99 നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഈ വിഷയം കൈകാര്യം ചെയ്തിരുന്ന ആർ 4 സെക്ഷൻ ക്ലർക്കുമാരായ സർവ്വശ്രീ. കൃഷ്ണൻകുട്ടി, മോഹനൻ പിള്ള, ആർ. രാമചന്ദ്രൻ, ലാൽ പ്രമോദ്, ശ്രീമതി അനിതകുമാരി എന്നിവരുടെ വിശദീകരണം ആരാഞ്ഞു കൊണ്ട് 24/01/2007 ലെ എ 3-4897/99 നമ്പർ കത്തുപ്രകാരം മെമ്മോ നൽകിയിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.1.4 റിട്ടയർ ചെയ്ത സെക്രട്ടറി ശ്രീ. സെബാസ്റ്റ്യന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം 42,276/- രൂപ ഈടാക്കുന്നതിന് 24/01/2007-ലെ എ 3-4897/99-ാം നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ സെക്രട്ടറിയോട് അപേക്ഷിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരുടെ വിശദീകരണം ആരായുക മാത്രമാണ് ചെയ്തിട്ടുള്ളത്. അവരുടെ വിശദീകരണം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് അയച്ചുകൊടുക്കേണ്ടതുണ്ട്.

**തുടർശിപാർശ**

2.1.5 **പരാമർശവിധേയനായ സെക്രട്ടറിയുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് നഷ്ടത്തുക ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനും, അല്ലാത്തപക്ഷം ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 29, 30, 31, 32**

**ശിപാർശ**

2.2.1 എസ്.സി/എസ്.ടി പദ്ധതികൾക്കായി അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുവാൻ പാടില്ലായെന്ന് സർക്കാർ ഉത്തരവുണ്ടായിട്ടും അതിനു വിരുദ്ധമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.2.2 വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ ടാറിനുള്ള തുക ഉൾപ്പെടുത്തിയിരുന്നിട്ടും അതുപയോഗിക്കാതെ സർക്കാർ ഉത്തരവിനു വിരുദ്ധമായി പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികൾക്കായി അനുവദിച്ച തുക ടാറിനായി വകമാറ്റി ചെലവഴിച്ചത് ഗുരുതരമായ ക്രമക്കേടാണെന്നും അതിനു ഉത്തരവാദിയായ കായംകുളം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ഇന്ദ്രബാലൻ പിള്ളക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വിവിധ പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് നിയന്ത്രിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.2.3 ഡി.പി.സി യുടെ അനുമതി പോലുമില്ലാതെ 10 ലക്ഷം രൂപ ധൃതിപിടിച്ച് വകമാറ്റി 1998 ഫെബ്രുവരിയിൽ ചെലവഴിച്ചിട്ടും, 1998 ഡിസംബർ വരെ 8,17,390 രൂപയുടെ ടാറേ ലഭിച്ചിട്ടുള്ളൂ. ഇതു സംബന്ധമായ വിശദാംശങ്ങൾ അടിയന്തരമായി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനു നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.2.4 വിജിലൻസ് അന്വേഷണ നടപടികൾ അനന്തമായി നീളുന്നതിനാൽ ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനു സാധിക്കാതെ വരുന്നതായും പലപ്പോഴും വിജിലൻസ് അന്വേഷണം ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വ്യക്തികൾക്ക് രക്ഷപ്പെടുവാനുള്ള പഴുതായി മാറുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തുന്ന അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കേസുകളിൽ അതിവേഗം തീർപ്പ് കൽപിക്കുന്നതിനും ബന്ധപ്പെട്ട ഫയലുകൾ തിരികെ നൽകുന്നതിനും വിജിലൻസ് വകുപ്പിന് (ആഭ്യന്തര വകുപ്പ്) നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.5 മുനിസിപ്പൽ സെക്രട്ടറിയുടെ അപ്പോയിന്റിംഗ് അതോറിറ്റി ബഹു. സർക്കാരാണ്. ആയതിനാൽ ശ്രീ. ഇന്ദ്രബാലൻ പിള്ളക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 24/01/2007-ൽ എ 3/4897/99 നമ്പർ കത്ത് പ്രകാരം സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ടാർ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ലോക്കൽ ഫണ്ടിൽ അയച്ചിരുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് ഫയൽ വിജിലൻസിൽ ആയതിനാൽ അതുകൂടി സമർപ്പിക്കണമെന്ന് അറിയിച്ചിരുന്നു. വിജിലൻസിൽ നിന്നും ടാർ വാങ്ങിയത് സംബന്ധിച്ച ഫയൽ 16/01/2007-ൽ ആണ് തിരികെ ലഭിച്ചത്. ആയത് നിർദ്ദേശാനുസരണം ഓഡിറ്റ് നടത്തുന്നതിന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 24/01/2007-ലെ എ 3/4897/99 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.2.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശ പ്രകാരം, സർക്കാർ ഉത്തരവ് ലംഘിച്ച് എസ്.സി/എസ്.ടി വിഭാഗത്തിന് അനുവദിച്ച ഫണ്ട് വകമാറ്റി ചെലവ് ചെയ്തതിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. ഇന്ദ്രബാലൻ പിള്ളക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിന് നിയമനാധികാരിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് 24/01/2007-ലെ എ 3/4897/99-ാം നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

എന്നാൽ നഗരസഭയിലെ രേഖകൾ പരിശോധിച്ചതിൽ ടാർ വാങ്ങുന്നതിനായി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് നൽകിയ 10,00,000/- രൂപയിൽ 8,17,390/- രൂപയുടെ ടാർ മാത്രമാണ് നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളത്. ബാക്കിയായ 1,82,690/- രൂപ നഗരസഭയ്ക്ക് നഷ്ടമായിട്ടുണ്ട്. ആയത് ഈടാക്കാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. നഗരസഭയ്ക്ക് നഷ്ടമായ 1,82,690/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ നിർദ്ദേശിക്കേണ്ടതുണ്ട്.

ശ്രീ. ഇന്ദ്രബാലൻ പിള്ളക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടികളെ സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകേണ്ടതുണ്ട്.

**ശിപാർശ ഖണ്ഡിക 32-ന്മേൽ വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടി**

2.2.7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തുന്ന അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കേസുകളിൽ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിനും ബന്ധപ്പെട്ട ഫയലുകൾ തിരികെ നൽകുന്നതിനും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ പട്ടികവിഭാഗ പ്രോജക്ടിൽ നിന്നു അനധികൃതമായി തുക വകമാറ്റി ചെലവഴിച്ചു എന്ന ആരോപണം സംബന്ധിച്ച് നടത്തിയ വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ കായംകുളം നഗരസഭാ സെക്രട്ടറി യായിരുന്ന ശ്രീ. ഇന്ദ്രബാലൻ പിള്ള, വെളിയനാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായിരുന്ന ശ്രീ. കെ.കെ. മദനൻ, വെളിയനാട്ടു ബ്ലോക്ക് ഓഫീസ് അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീമതി എൻ.എസ്. ലക്ഷ്മീദേവി, സ്പെഷ്യൽ ബിൽഡിംഗ് സബ് ഡിവിഷൻ, ആലപ്പുഴ എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ

ശിപാർശ ചെയ്തുകൊണ്ട് പ്രസ്തുത റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്കും 18/07/2005-ലെ 2076/ഡി3/2005/വിജി സർക്കാർ കത്ത് മുഖേന തുടർ നടപടികൾക്കായി അയച്ചു കൊടുത്തിട്ടുണ്ട്.

വിജിലൻസ് അന്വേഷണത്തിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു വാങ്ങിയ രേഖകൾ/ഫയലുകൾ ആലപ്പുഴ വിജിലൻസ് യൂണിറ്റ് മുഖാന്തിരം ബന്ധപ്പെട്ട ആഫീസുകളിൽ തിരിച്ചു നൽകിയിട്ടുണ്ട് എന്ന് വിജിലൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. രേഖകൾ കൈപ്പറ്റിയ രസീതിന്റെ പകർപ്പുകളും ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. (02/07/2010-ലെ കത്തു പ്രകാരം ലഭ്യമാക്കിയത്)

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>**

2.2.8 വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ കായംകുളം നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള, വെളിയനാട് ബി.ഡി.ഒ. ആയിരുന്ന ശ്രീ. കെ.കെ. മദനൻ, വെളിയനാട് ബ്ലോക്ക് എ.ഇ. ആയിരുന്ന ശ്രീമതി എൻ.എസ്. ലക്ഷ്മീദേവി എന്നിവർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ ആരാഞ്ഞുകൊണ്ട് യഥാക്രമം റീജിയണൽ ജോയിന്റ് ഡയറക്ടർ കൊല്ലം, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ-ആലപ്പുഴ, എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്പെഷ്യൽ ബിൽഡിംഗ് സബ് ഡിവിഷൻ-ആലപ്പുഴ എന്നിവർക്ക് കത്ത് നൽകിയിരുന്നെങ്കിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ മാത്രമാണ് പ്രസക്തമായ വിവരം ലഭ്യമാക്കിയിട്ടുള്ളത്. ഡി.ആർ.ഡി.എ. യിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീമതി എൻ.എസ്. ലക്ഷ്മീദേവിയുടെ രണ്ട് ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് തടഞ്ഞ് വെച്ചിട്ടുള്ള കാര്യം (വിത്തൗട്ട് ക്യുമുലേറ്റീവ് എഫക്ട്) റിപ്പോർട്ട് ചെയ്യുന്നു. മറ്റ് രണ്ടുപേർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

വിജിലൻസ് അന്വേഷണത്തിനായി വാങ്ങിയ രേഖകൾ/ഫയലുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് മടക്കി നൽകിയിട്ടുണ്ടെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

**<u>21/05/2014-ലെ സമിതിയോഗ തീരുമാനം</u>**

2.2.9 റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെയും തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും ഇക്കാര്യം ചീഫ് സെക്രട്ടറിയെ അറിയിക്കാനും തീരുമാനിച്ചു.

**ശിപാർശ ഖണ്ഡിക 29, 30 എന്നിവയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

2.2.10 ക്രമക്കേടിനുത്തരവാദിയായ നഗരസഭാ സെക്രട്ടറി ശ്രീ. ബി. ഇന്ദ്രബാലൻ പിള്ളക്കെതിരെയുള്ള കുറ്റാരോപണ മെമ്മോ നഗരകാര്യ ഡയറക്ടർ വഴി നൽകിയിട്ടുണ്ട്. (08/05/2014-ലെ കത്തു പ്രകാരം ലഭ്യമാക്കിയത്)

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.2.11 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ പരിശോധിക്കുന്നതിന് 04/04/2013 ൽ പ്രാദേശിക പരിശോധന നടത്തുകയും, തുടർ നടപടി വിവരങ്ങൾ അറിയിക്കുവാനാവശ്യപ്പെട്ട് 04/04/2013 ൽ ഓഡിറ്റ് എൻക്വയറി നൽകുകയും ചെയ്തിരുന്നു. 16/04/2013-ൽ ഹാജരാക്കിയ മറുപടിയിൽ ശ്രീ. ഇന്ദ്രൻബാലൻ പിള്ളയോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 21/12/2006 ൽ എ 3-4897/99-ാം നമ്പരായി കത്തയച്ചതായും ആയതിന് ടിയാൻ 08/01/07-ൽ ഹാജരാക്കിയ വിശദീകരണം. നഗരകാര്യ ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ബഹു. നിയമസഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ നഗരസഭാ സെക്രട്ടറിക്കെതിരെ നഗരകാര്യ ഡയറക്ടർ മുഖേന കുറ്റാരോപണ മെമ്മോ നൽകിയതിന്റെ വിവരം മാത്രമേ നഗരസഭയിൽ ലഭ്യമായിട്ടുള്ളൂ. തുടർനടപടികൾ സ്വീകരിച്ചതിന്റെയോ, ഏതു തരത്തിലുള്ള വകുപ്പുതല അച്ചടക്ക നടപടികളാണ് സ്വീകരിച്ചതെന്നത് സംബന്ധിച്ച റിവരങ്ങളോ നഗരസഭയിൽ ലഭ്യമല്ല.

**ശിപാർശ ഖണ്ഡിക 31-ന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

2.2.12 ഓഡിറ്റ് നടത്തുന്നതിന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 24/01/2007-ലെ എ 3-4897/99 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുള്ളതും ആവശ്യപ്രകാരം ഫയൽ നൽകിയിട്ടുള്ളതുമാണ്. ഫയൽ നമ്പർ പൊതുലേലം ആർ4-198/96 തീയതി 15/10/2004 (25/11/2014 ലെ കത്തു പ്രകാരം ലഭ്യമാക്കിയത്)

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.2.13 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 1-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 31 ന്റെ തുടർ നടപടികളുടെ ഭാഗമായി കായംകുളം നഗരസഭ നിയമസഭാ സമിതിയ്ക്ക് സമർപ്പിച്ച നടപടി വിശദീകരണപത്രികയിൽ പറയുന്നത് പ്രസ്തുത ഖണ്ഡികയുമായി ബന്ധപ്പെട്ട ഫയൽ (ഫയൽ നം. പൊതുലേലം ആർ4-198/96/15-10-04) പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയെന്നാണ്. നഗരസഭയുടെ മറുപടി വാസ്തവ വിരുദ്ധമാണ്. ഈ ഫയൽ പരാമർശിത വിഷയവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. ഇതുമായി ബന്ധപ്പെട്ട് 9-10-14 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഖണ്ഡിക 31-മായി ബന്ധപ്പെട്ട ഫയൽ J/969/98 ആണെന്നും, ഈ ഫയൽ വിജിലൻസ് ഓഫീസിലാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 1-10-99 ലെ ഇൻവോയ്സ് നം. 17010001 പ്രകാരം 60 ബാരൽ ടാറും ഇൻവോയ്സ് നം. 17010005 പ്രകാരം 61 ബാരൽ ടാറും നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളതായും ഇവ വിതരണം ചെയ്തിട്ടുള്ളതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 1998-ൽ ബാരലിന് 1362.31 രൂപയ്ക്കാണ് ടാർ ലഭിച്ചിട്ടുള്ളത്. ഇതേ വില വച്ച് കണക്കാക്കിയാൽ 1998 ഡിസംബർ വരെ ലഭിച്ച ടാറിന്റെ വിലയായ 8,17,390/- രൂപയും 1-10-1999 ൽ ലഭിച്ച 121 ബാരൽ ടാറിന്റെ വിലയും ഉൾപ്പെടെ ആകെ 9,82,230/- രൂപയുടെ ടാർ ലഭ്യമായിട്ടുള്ളതായി കണക്കാക്കാവുന്നതാണ് (817390+121x1362.31). എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ അഭാവത്തിൽ ഇക്കാര്യത്തിൽ കൃത്യമായ വിവരം ലഭ്യമല്ലായെന്ന് അറിയിച്ചുകൊള്ളുന്നു.

## 24/06/2015-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.2.14 ശിപാർശ ഖണ്ഡികകൾ 29, 30, 31, 32 എന്നിവ പ്രകാരം വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കായംകുളം മുൻ നഗരസഭാ സെക്രട്ടറി ശ്രീ. ഇന്ദ്രബാലൻ പിള്ള, വെളിയനാട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായിരുന്ന ശ്രീ. കെ.കെ. മദനൻ, വെളിയനാട് ബ്ലോക്ക് ഓഫീസ് അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീമതി എൻ.എസ്. ലക്ഷ്മീദേവി എന്നീ മൂന്ന് ഉദ്യോഗസ്ഥർ

ക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നെങ്കിലും പൊതുമരാമത്ത് വകുപ്പ് മാത്രമാണ് ഒരാളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ശ്രീ. ഇന്ദ്രബാലൻ പിള്ളയുടെയും ബി.ഡി.ഒ. യുടെയും പേരിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കാത്തതിന്റെ കാരണമെന്താണെന്നും സമിതി ആരാഞ്ഞു.

ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള 2011-ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനാലാണ് ടിയാനെതിരെ നടപടി സ്വീകരിക്കാതിരുന്നതെന്ന യോഗത്തിൽ സന്നിഹിതനായിരുന്ന കായംകുളം നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ടിയാന് ചാർജ്ജ് മെമ്മോ നൽകുകയും ആയതിന് ടിയാൻ വിശദീകരണം നൽകിയിരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

സർക്കാർ നിർദ്ദേശപ്രകാരം കൊല്ലം മേഖല ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 1997-98 കാലയളവിൽ അന്നത്തെ കായംകുളം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ഇന്ദ്രബാലൻ പിള്ള, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതിയിൽ വകയിരുത്തിയ 16,10,470/- രൂപയിൽ 10,00,000/- രൂപ വകമാറ്റി ടാർ വാങ്ങുന്നതിനായി ചെലവഴിച്ചത് പദ്ധതി നിർവ്വഹണം സംബന്ധിച്ച നിബന്ധനകളിൽ അവ്യക്തത നിലനിന്നിരുന്നതിനാലും 90% ചെലവ് കണക്കാക്കണമെന്ന സർക്കാർ നിർദ്ദേശപ്രകാരം സംഭവിച്ചതാണെന്നും വകമാറ്റിയ തുക 1998-99 വർഷത്തെ പദ്ധതി വിഹിതം പൊതുമേഖല ഫണ്ടിൽ നിന്നും തിരികെ പ്രത്യേക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയിലേയ്ക്ക് ഗവൺമെന്റ് സർക്കുലർ പ്രകാരം നടത്തിയിട്ടുള്ള താണെന്ന ശ്രീ. ഇന്ദ്രബാലൻ പിള്ളയുടെ മറുപടി പരിശോധിക്കുന്നതിനുള്ള രേഖകൾ കായംകുളം നഗരസഭയിൽ ലഭ്യമല്ലെന്നും പ്രസ്തുത സർക്കാർ മാനദണ്ഡം പാലിച്ചാൽ മാത്രമേ ഡി.പി.സി അംഗീകാരം ലഭിക്കുമായിരുന്നുവെന്ന വസ്തുത പരിഗണിക്കണ മെന്നും മേൽ സാഹചര്യത്തിൽ ശ്രീ. ഇന്ദ്രബാലൻ പിള്ളയുടെ അവകാശവാദം വാസ്തവമാണെന്ന് ഗണിക്കാവുന്നതും മറിച്ചുള്ള രേഖകൾ ലഭിക്കുന്നതുവരെ ക്രമക്കേടായി വ്യാഖ്യാനിക്കരുതെന്നും പ്രസ്തുത റിപ്പോർട്ട് ബോധിപ്പിക്കുന്നു.

## 24.06.2015-ലെ സമിതിയോഗ തീരുമാനം

2.2.15 പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിലും ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടത്തിൽ തുക ചെലവഴിക്കുന്ന രീതി സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ

നിലനിന്നില്ലായിരുന്നുവെന്നത് പരിഗണിച്ചും പ്രസ്തുത ഖണ്ഡികകളിന്മേലുള്ള നടപടി അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**തുടർശിപാർശ**

**2.2.16 24.06.2015-ലെ തെളിവെടുപ്പ് യോഗത്തിലെ സർക്കാർ മറുപടിയുടെയും ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടത്തിൽ തുക ചെലവഴിക്കുന്ന രീതി സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ നിലനിന്നില്ലായിരുന്നുവെന്നത് പരിഗണിച്ചും പ്രസ്തുത ശിപാർശ ഖണ്ഡികകളിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 43, 44, 45**

**ശിപാർശ**

2.3.1 നിയമസഭാ സമിതിയുടെ നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നടത്തിയ പുനഃപരിശോധനയിൽ വ്യാജരേഖകൾ തയ്യാറാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ശ്രമിച്ചതായി സമിതിക്ക റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തി നഗരസഭയ്ക്ക് നഷ്ടം വരുത്തുകയും കൃത്രിമ രേഖകൾ ചമയ്ക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ അടിയന്തിരമായി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും വ്യാജരേഖ നിർമ്മിച്ചതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ നടപടിചട്ടം അനുസരിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.3.2 പ്രസ്തുത പ്രവൃത്തിക്ക് യഥാർത്ഥത്തിൽ ചെലവായ തുക കിഴിച്ച് ബാക്കി തുക അടിയന്തരമായി പലിശ സഹിതം കൺവീനറിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

2.3.3 സമിതി മുമ്പാകെ തെറ്റായ വിവരങ്ങളടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ച ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.3.4 കൺവീനറിൽ നിന്നും തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. 24.01.07-ലെ പി.ഡബ്ല്യു.1/2511/98 നമ്പർ കത്ത് പ്രകാരം ആർ.ആർ നടപടിക്ക് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മെമ്മോ നൽകിയിട്ടുണ്ട്. ആയതുപ്രകാരം മെമ്മോയ്ക്ക് മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഇതോടൊന്നിച്ച് ഹാജരാക്കുന്നു.

തെറ്റായ വിവരം നൽകിയ സെക്രട്ടറിക്ക് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട് നൽകുകയും ആയതു പ്രകാരമുള്ള മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഇതോടൊപ്പം ചേർക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.3.5 പ്രവൃത്തിയുടെ മൂല്യത്തിലധികമായി കൺവീനർക്ക് നൽകിയ തുക ഈടാക്കുന്നതിന് 24.01.07-ലെ പി.ഡബ്ല്യു.1-2511/98-ാം നമ്പർ കത്ത് പ്രകാരം ആർ.ആർ. നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറോട് ശിപാർശ ചെയ്തിട്ടുണ്ട്.

തെറ്റായ വിവരം നൽകിയ സെക്രട്ടറിക്കും മറ്റു ഉദ്യോഗസ്ഥർക്കും സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് നൽകുകയും മറുപടി വാങ്ങി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം സമിതിയെ അറിയിക്കേണ്ടതുണ്ട്. തെറ്റായ വിവരം നൽകിയ സെക്രട്ടറിക്കും, കൃത്രിമ രേഖ ചമച്ച ഉദ്യോഗസ്ഥനുമെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതുണ്ട്.

## 21.05.2014-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.3.6 തുക ഈടാക്കിയത് സംബന്ധിച്ച റിപ്പോർട്ട് നല്കണമെന്ന് ആവശ്യപ്പെട്ടു.

## ശിപാർശ ഖണ്ഡിക 45-മേൽ സർക്കാർ സ്വീകരിച്ച നടപടി

2.3.7 ക്രമക്കേടിനുത്തരവാദിയായ നഗരസഭാ സെക്രട്ടറി ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള, ശ്രീ. എസ്. വിജയകുമാർ എന്നിവർക്കെതിരെയുള്ള കുറ്റാരോപണ മെമ്മോ നഗരകാര്യ ഡയറക്ടർ വഴി നൽകിയിട്ടുണ്ട്. (08.05.2014-ലെ കത്തു പ്രകാര ലഭ്യമാക്കിയത്)

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.3.8 ബഹു. നിയമസഭാ സമിതി മുമ്പാകെ തെറ്റായ വിവരങ്ങളടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ച നഗരസഭാ സെക്രട്ടറി ശ്രീ. ബി. ഇന്ദ്രബാലൻപിള്ളക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ബഹു. നിയമസഭാ സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ നഗരകാര്യ ഡയറക്ടർ വഴി കുറ്റാരോപണ മെമ്മോ നൽകിയെന്ന വിവരങ്ങളല്ലാതെ മറ്റ് തുടർ നടപടികൾ ഒന്നും സ്വീകരിച്ചതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/19.04.13) 20.04.2013-ൽ എ-3-4798/99 നമ്പരായി നൽകിയ മറുപടി ഓഡിറ്റ് കണ്ടെത്തൽ സാധൂകരിക്കുന്നതാണ്. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഏത് തരത്തിലുള്ള അച്ചടക്ക നടപടികളാണ് ടിയാനെതിരെ സ്വീകരിച്ചതെന്ന് വ്യക്തമല്ല. ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ സെക്രട്ടറിയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കേണ്ടതിന് പകരം സമിതി നിർദ്ദേശത്തെ ദുർബലപ്പെടുത്തുന്ന രീതിയിൽ വീണ്ടും കുറ്റാരോപണ മെമ്മോ നൽകുക എന്ന നടപടി മാത്രമാണ് നഗരകാര്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുള്ളത്. ആയത് ഇപ്പോൾ തന്നെ വളരെയേറെ വൈകിയ നടപടികളുടെ പൂർത്തീകരണം മന്ദീഭവിപ്പിക്കുവാൻ മാത്രമാണ് ഇടയാകുന്നത്. സമിതി നിർദ്ദേശം നടപ്പിലാക്കാതെ കുറ്റക്കാരെ സഹായിക്കുന്ന രീതിയിലുള്ള നടപടികളാണ് ഇക്കാര്യത്തിൽ നഗരകാര്യ വകുപ്പ് ഡയറക്ടർ കൈക്കൊണ്ടിട്ടുള്ളത്.

## 14.06.2017-ലെ സമിത യോഗ തീരുമാനം

2.3.9 പ്രസ്തുത വിഷയം പുനഃപരിശോധിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു.

## 10.01.2019-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ സമർപ്പിച്ച മറുപടി

2.3.10 എം. ബുക്ക് തിരുത്തിയെന്ന കേസിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് സമിതി ആരാഞ്ഞതിന് ടി വിഷയം സമിതി മുന്

പരിഗണിച്ചിരുന്നുവെന്നും കുറ്റാരോപിതരുടെ കാലയളവിലല്ല പ്രസ്തുത വിഷയം നടന്നതെന്ന കാരണത്താൽ അച്ചടക്ക നടപടി എടുത്ത് കുറ്റവിമുക്തമാക്കിയിരുന്നുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകി. പ്രസ്തുത ഉദ്യോഗസ്ഥരുടെ കാലയളവിലല്ല എം. ബുക്ക് തിരുത്തിയതെങ്കിൽ ആരുടെ കാലയളവിലാണ് എം.ബുക്ക് തിരുത്തിയതെന്ന് സമിതി ആരായുകയും ഉത്തരവാദിയായ സെക്രട്ടറിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതിനു പകരം സമിതി നിർദ്ദേശത്തെ ദുർബലപ്പെടുത്തുന്ന രീതിയിൽ കുറ്റാരോപണ മെമ്മോ നൽകുകയെന്ന നടപടി മാത്രമാണ് നഗരകാര്യ ഡയറക്ടർ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിന് അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് കുറ്റാരോപണ മെമ്മോ നൽകിയതെന്നും തുടർന്ന് സർക്കാർ പ്രസ്തുത ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കിയിരുന്നുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചു. എം. ബുക്ക് തിരുത്തി വ്യാജരേഖ ഉണ്ടാക്കി നിയമസഭാ സമിതിയെ കബളിപ്പിക്കാൻ ശ്രമിച്ചുവെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചപ്പോൾ പ്രസ്തുത ഉദ്യോഗസ്ഥരുടെ കാലത്തല്ല നടന്നതെന്ന് പറഞ്ഞാൽ എങ്ങനെ ശരിയാകുമെന്ന് അഭിപ്രായപ്പെട്ട സമിതി എം. ബുക്ക് തിരുത്തുന്നത് ഗൗരവമായ കുറ്റമല്ലെന്ന് സർക്കാർ കണ്ടെത്തിയോ എന്നും പ്രസ്തുത ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കാൻ ഗവൺമെന്റ് പറഞ്ഞിട്ടുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് ആരായുകയും ചെയ്തു. ആയതിന് നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിലെ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചുവെന്നും എം. ബുക്കിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറിയുടെ ജോലി അല്ലാത്തതിനാലും പ്രസ്തുത നഗരസഭയിൽ ശ്രീ. എസ്. വിജയകുമാറിന്റെ സേവനം 05.03.2004 മുതൽ 28.10.2004 വരെ മാത്രമായിരുന്നതിനാലും വ്യാജരേഖ ചമച്ചത് ടിയാൻ ആകാൻ സാധ്യതയില്ലെന്ന് കാണുന്നുവെന്നും പ്രസ്തുത സാഹചര്യത്തിൽ ശ്രീ. എസ്. വിജയകുമാർ 30/10/2012-ൽ സർവ്വീസിൽ നിന്നും

വിരമിച്ചതിനാലും ഈ വിഷയത്തിൽ ടിയാനെതിരെയുള്ള ആരോപണങ്ങൾ വസ്തുതാപരമായി വെളിവാകാത്തതിനാലും നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. വിജയകുമാറിനെതിരായി സ്വീകരിച്ചു വന്ന അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന വെന്നുമാണ് ഉത്തരവിൽ പറയുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ മറുപടി നൽകി.

## 10.01.2019-ലെ സമിതി യോഗ തീരുമാനം

2.3.11 സമിതി നിർദ്ദേശ പ്രകാരം ഉത്തരവാദിയായ സെക്രട്ടറിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതിനു പകരം സമിതി നിർദ്ദേശത്തെ ദുർബലപ്പെടുത്തുന്ന രീതിയിൽ വീണ്ടും കുറ്റാരോപണ മെമ്മോ നൽകുകയെന്ന നടപടി മാത്രമാണ് നഗരകാര്യ ഡയറക്ടർ സ്വീകരിച്ചിരിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. സർക്കാർ ഉത്തരവിൽ പറയുന്ന കാര്യങ്ങൾ ഹൈപ്പോതെറ്റിക്കൽ ആണെന്നും അക്ഷരതെറ്റോ ഗ്രാമറോ അല്ല തിരുത്തിയതെന്നും സംഖ്യാപരമായ വ്യത്യാസം ആണ് വന്നിട്ടുള്ളതെന്നും കുറ്റാരോപിതൻ 8 മാസം മാത്രമേ സേവനമനുഷ്ഠിച്ചിട്ടുള്ളൂവെന്ന കാരണത്താൽ അദ്ദേഹമാകാൻ സാധ്യതയില്ലാത്തതിനാൽ ഒഴിവാക്കുന്നു എന്നുമുള്ള സർക്കാർ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. 69,744/- രൂപ ചെലവാക്കിയതിനു പകരം എം. ബുക്കിൽ ₹ 93,180 രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ഈ തുകകളുടെ വ്യത്യാസമാണ് നിലനിൽക്കുന്നതെന്നും എം.ബുക്ക് തിരുത്തിയ ആളുകൾ ആരൊക്കെയാണെന്ന് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. അതോടൊപ്പം എം. ബുക്കിന്റെ കസ്റ്റോഡിയൻ സെക്രട്ടറിയായ സാഹചര്യത്തിൽ ടിയാനെ കുറ്റവിമുക്തനാക്കിയ നടപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ഓഡിറ്റ് വകുപ്പും സമിതിയും ശിപാർശ ചെയ്ത ഒരു കാര്യത്തെ വളരെ ലാഘവത്തോടെ കണ്ടുകൊണ്ട് ഉദ്യോഗസ്ഥർ സെക്രട്ടറിയെ കുറ്റവിമുക്തനാക്കിയത് തെറ്റാണെന്ന് നിരീക്ഷിച്ച സമിതി നഷ്ടത്തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

**തുടർശിപാർശ**

**2.3.12 പ്രസ്തുത ശിപാർശയിന്മേൽ ഭരണ വകുപ്പ് സ്വീകരിച്ച നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം നഷ്ടോത്തരവാദികളിൽ നിന്ന് നഷ്ടത്തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 57**

**ശിപാർശ**

2.4.1 ആർ.ആർ. നടപടി ത്വരിതപ്പെടുത്തി കൺവീനറിൽ നിന്നും തുക ഒരു മാസത്തിനുള്ളിൽ ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.4.2 കൺവീനറിൽ നിന്നും തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. തുക ഈടാക്കുന്നതിന് നിയമാനുസൃതമായ നടപടി തുടരുന്നതാണ്. 24.01.2007-ലെ പി.ഡബ്ല്യൂ.1-2511/98 നമ്പർ കത്തു പ്രകാരം ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.4.3 നിർദ്ദേശാനുസരണം പ്രവൃത്തിയുടെ മൂല്യത്തിലധികമായി കൺവീനർക്ക് നൽകിയ തുക തിരികെ ഈടാക്കാൻ 24.01.07-ലെ പി.ഡബ്ല്യൂ.1-2511/98-ാം നമ്പർ കത്ത് പ്രകാരം ആർ.ആർ. നടപടിക്ക് ജില്ലാ കളക്ടറോട് ശിപാർശ ചെയ്തിട്ടുണ്ട്. തുക ഈടാക്കിയതു സംബന്ധിച്ചുള്ള റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കേണ്ടതുണ്ട്.

**തുടർശിപാർശ**

**2.4.4 തുക ഈടാക്കിയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 60**

**ശിപാർശ**

2.5.1 ഡി.പി.സി. അംഗീകാരത്തിന്റെ പകർപ്പ്, അളവ് തുടങ്ങിയ എല്ലാ രേഖകളും ഫയലും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.5.2 ബന്ധപ്പെട്ട അനുബന്ധ രേഖ വിജിലൻസ് കൈവശമായിരുന്നു. ആയത് 16.01.2007-ൽ ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് ചെയ്യുന്നതിന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയ്ക്ക് 24.01.2007-ലെ എ3-4897/99 നമ്പർ കത്ത് നൽകിയിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.5.3 വകയിരുത്തപ്പെട്ടതിലധികം തുക പദ്ധതി വിഹിതത്തിൽ നിന്നും ചെലവ് ചെയ്തതിന് പിന്നീട് ഡി.പി.സിയിൽ നിന്നും അംഗീകാരം ലഭിച്ചു എന്നു നഗരസഭ മറുപടി നൽകിയെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## തുടർശിപാർശ

**2.5.4 ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതു സംബന്ധിച്ച രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കി ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

## ഖണ്ഡിക നമ്പർ 77, 78, 79

## ശിപാർശ

2.6.1 സ്റ്റേഡിയം ഗ്രൗണ്ടായിരുന്ന സ്ഥലമാണ് ബസ്സ്റ്റാൻഡ് നിർമ്മാണത്തിനേറ്റെടുത്തത്. ആറിനോടടുത്ത പ്രദേശമായതിനാൽ വെള്ളക്കെട്ടുണ്ടാകാനുള്ള സാദ്ധ്യത കൂടുതലായിരിക്കുമെന്ന് അറിയാമായിരുന്നിട്ടും അതിനുള്ള മുൻകരുതലുകൾ സ്വീകരിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുറപ്പിച്ച് പണി തുടങ്ങിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അലംഭാവവും ഉത്തരവാദിത്വമില്ലായ്മയുമാണ് വെളിവാക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു.

2.6.2 48 ലക്ഷം രൂപയ്ക്ക് 'എ', 'ബി' എന്നീ രണ്ടു ബ്ലോക്കുകളിലായി ഉദ്ദേശിച്ചിരുന്ന പദ്ധതി പണി തുടങ്ങിയ ശേഷം നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമാണെന്ന

നിഗമനത്തിൽ 'ബി' ബ്ലോക്ക് ഒഴിവാക്കുവാനും 'എ' ബ്ലോക്കിന്റെ പ്രവൃത്തി 120% വർദ്ധിച്ച നിരക്കിൽ നൽകുകയുമാണുണ്ടായത്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി റീണ്ടും ടെൻഡർ ചെയ്തിരുന്നെങ്കിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടാകുമായിരുന്നില്ല. പ്ലാനിൽ മാറ്റം വരുത്തിയതുമൂലം പൊതുജനത്തിന് ബുദ്ധിമുട്ടുകൾ വർദ്ധിക്കുകയാണുണ്ടായത്. ആയതിനാൽ നഗരസഭയ്ക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുത്തിവച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.6.3 വ്യക്തമായ ധാരണയില്ലാതെയും ആസൂത്രണമില്ലാതെയും പദ്ധതികൾ നടപ്പാക്കുകയും അതിന്റെ പേരിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് നഗരസഭയ്ക്കു കടഭാരം വർദ്ധിക്കുകയും ഭാവി വികസന പ്രവർത്തനങ്ങളെ പോലും അവതാളത്തിലാക്കുന്ന തരത്തിലുള്ള അലംഭാവ സമീപനത്തിന്റെ ഉദാഹരണമാണിതെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പദ്ധതികൾ തുടങ്ങിയ ശേഷം നിരക്ക വർദ്ധനവിനായി നഗരസഭകൾ സർക്കാരിനെ സമീപിക്കുമ്പോൾ പ്രസ്തുത പദ്ധതി സംബന്ധിച്ച് നിരക്കവർദ്ധനവാണോ പുനർ ദർഘാസാണോ കൂടുതൽ ലാഭകരമെന്ന് വിശദമായി പരിശോധിച്ചതിനുശേഷം ലാഭകരമായത് സ്വീകരിക്കുവാനും അനുമതി നൽകുവാനും പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. സർക്കാർ ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ച് കരാറുകാരന് ലാഭമുണ്ടാക്കികൊടുക്കുന്നതിന് അനുകൂലമായ നിലപാട് സ്വീകരിച്ച ബന്ധപ്പെട്ട നഗരസഭാ കൗൺസിൽ അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും നഷ്ടമായ തുക ഈടാക്കേണ്ടതാണെന്നും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

2.6.4 മാവേലിക്കര നഗരസഭാ ജീവനക്കാർക്കെതിരെ നടപടി എടുത്തതു സംബന്ധിച്ച വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.5 ബഹു. നിയമസഭാ സമിതിയുടെ പരാമർശത്തിന്മേൽ സ്വീകരിച്ച തുടർ നടപടികൾ പരിശോധിക്കുന്നതിന് 04.04.13-ൽ നഗരസഭയിൽ പ്രാദേശിക പരിശോധന നടത്തുകയും തുടർ നടപടി വിവരങ്ങൾ അറിയിക്കുവാനാവശ്യപ്പെട്ട് 04.04.13-ൽ ഓഡിറ്റ് എൻക്വയറി നൽകുകയും ചെയ്തിരുന്നു. ആയതിന് 04.04.13-ൽ നഗരസഭാ സെക്രട്ടറി നൽകിയ മറുപടിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നഗരസഭാ കൗൺസിലർമാർക്കും മെമ്മോ നൽകിയിട്ടുണ്ടെന്നും ആയതിന് മറുപടി നൽകിയിട്ടുള്ളതായും (സെക്രട്ടറി നൽകിയ നോട്ടീസിന്റെ പകർപ്പ് ഫയലിൽ ഇല്ല) അറിയിച്ചിട്ടുണ്ട്. നഗരസഭ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് ആരാഞ്ഞുകൊണ്ട് ഗവൺമെന്റ് ലോ ഡിപ്പാർട്ട്മെന്റിലേയ്ക്ക് 09.07.07-ൽ കത്തയച്ചിട്ടുണ്ടെന്നും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് ശേഷം തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ലായെന്നാണ് സെക്രട്ടറി നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## 24.06.2015-ലെ തെളിവെടുപ്പ് യോഗത്തിലെ സമിതി തീരുമാനം

2.6.6 പ്രസ്തുത ശിപാർശഖണ്ഡികകളിന്മേൽ ലഭിച്ച സർക്കാർ മറുപടി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.09.2014-ലെ കത്ത്, പ്രസ്തുത കത്തിനൊപ്പം ലഭ്യമാക്കിയ കൗൺസിലർമാരുടെ തടസ്സവാദം എന്നിവ സമിതി പരിഗണിച്ചു. 1993-95 കാലഘട്ടത്തിൽ നടന്ന മാവേലിക്കര മുനിസിപ്പൽ ബസ്സ്റ്റാന്റ് കം-ഷോപ്പിംഗ്-കോംപ്ലക്സ് നിർമ്മാണത്തിലെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ അന്നത്തെ നഗരസഭാ ഭരണ സമിതി അംഗങ്ങളിൽ നിന്നും അധികം നൽകിയ മുഴുവൻ തുകയും ഈടാക്കുവാനുള്ള സമിതി റിപ്പോർട്ടിലെ 77 മുതൽ 79 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടികളിന്മേൽ ചില കൗൺസിൽ അംഗങ്ങൾ നൽകിയ പരാതി പരിഗണിച്ച സമിതി പ്രസ്തുത നിർമ്മാണ പ്രവൃത്തി ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭഘട്ടത്തിലുള്ളതാണെന്ന് വിലയിരുത്തി. ആ കാലഘട്ടത്തിൽ ഇത്തരം പദ്ധതികളുടെ നടത്തിപ്പിന് വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ലാതിരുന്നുവെന്നും ബസ്സ്റ്റാന്റ് നിർമ്മാണത്തിന് അധികം തുക അനുവദിച്ചത് സർക്കാർ അനുമതിയോടു കൂടിയായതിനാൽ പ്രസ്തുത

ശിപാർശകളിന്മേലുള്ള തുടർ നടപടി അവസാനിപ്പിക്കാൻ ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

**തുടർശിപാർശ**

**2.6.7 പ്രസ്തുത നിർമ്മാണ പ്രവൃത്തി ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭഘട്ടത്തിലുള്ളതാണെന്ന് വിലയിരുത്തിയ സമിതി ആ കാലഘട്ടത്തിൽ ഇത്തരം പദ്ധതികളുടെ നടത്തിപ്പിന് വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ലായിരുന്നുവെന്നും ബസ്സ്റ്റാന്റ് നിർമ്മാണത്തിന് അധികം തുക അനുവദിച്ചത് സർക്കാർ അനുമതിയോടു കൂടിയായതിനാലും പ്രസ്തുത ശിപാർശകളിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 105**

**ശിപാർശ**

2.7.1 ചേർത്തല നഗരസഭ ഇലക്ട്രോണിക് ചോക്ക് വിതരണം പദ്ധതിയിൽ വിതരണത്തിനായി വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയതിൽ ബാക്കി വന്ന 128 ചോക്കുകൾ തുടർ വർഷങ്ങളിൽ വിതരണം ചെയ്തുവെന്ന് സമിതിക്ക് രേഖാമൂലം മറുപടി ലഭ്യമാക്കിയെങ്കിലും ഗുണഭോക്താക്കളെ നിയമപ്രകാരം തെരഞ്ഞെടുത്തതിന്റെ ലിസ്റ്റോ, ഗുണഭോക്താക്കളുടെ കൈപ്പറ്റു രസീതുകളോ ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിതരണം ചെയ്തുവെന്നറിയിച്ച 128 ചോക്കുകളുടെയും കൈപ്പറ്റു രസീതും ഗുണഭോക്തൃ പട്ടികയും അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കുവാനും അല്ലാത്തപക്ഷം 128 ചോക്കുകളുടെയും വില അന്നത്തെ നഗരസഭാ സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും സമിതിക്ക് വാസ്തവവിരുദ്ധമായ മറുപടി നൽകിയ നഗരസഭാ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.7.2 ക്രമക്കേടിനുത്തരവാദിയായ നഗരസഭാ സെക്രട്ടറി ശ്രീ. പി. ജി. ഗോപിക്കെതിരായ കുറ്റാരോപണ മെമ്മോ നഗരകാര്യ ഡയറക്ടർ വഴി അയച്ചുകൊടുത്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.7.3 ബഹു. നിയമസഭാ സമിതിയുടെ പരാമർശത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ പരിശോധിക്കുന്നതിന് 04.04.2013-ൽ പ്രാദേശിക പരിശോധന നടത്തുകയും തുടർനടപടി വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് 04.04.13-ൽ ഓഡിറ്റ് എൻക്വയറി നൽകുകയും ചെയ്തിരുന്നു. 04.04.2013-ൽ സെക്രട്ടറി എ 2/5279/2013 നമ്പരായി നൽകിയ മറുപടിയിൽ ബഹു. നിയമസഭാ സമിതിയുടെ പരാമർശത്തിന്മേൽ നഗരസഭയിൽ നിന്നും യാതൊരു തുടർനടപടികളും നാളിതുവരെയും സ്വീകരിച്ചിട്ടില്ലായെന്നും ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ, അച്ചടക്ക നടപടിക്കുള്ള യാതൊരു നിർദ്ദേശങ്ങളും നഗരകാര്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**തുടർശിപാർശ**

**2.7.4 ക്രമക്കേടിന് ഉത്തരവാദിയായ നഗരസഭാ സെക്രട്ടറിക്ക് മെമ്മോ നൽകുക മാത്രമേ ഉണ്ടായിട്ടുള്ളുവെന്ന് അഭിപ്രായപ്പെട്ട സമിതി, സമിതി ശിപാർശ പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടിയുടെ വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 114, 115, 116**

**ശിപാർശ**

2..8.1 നഗരസഭയുടെ സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കേണ്ട സെക്രട്ടറി തന്റെ ഉത്തരവാദിത്വം നിറവേറ്റിയില്ലെന്നുള്ളതിന് തെളിവാണ് പലിശയും പിഴപ്പലിശയും അടയ്ക്കേണ്ട സാഹചര്യമൊരുക്കിയതെന്നും ഈ രീതിയിൽ തികച്ചും നിരുത്തരവാദപരമായി പെരുമാറിയ ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2.8.2 ആലപ്പുഴ നഗരസഭാ സെക്രട്ടറി സമിതിക്ക് നൽകിയ മറുപടിയിലും തെളിവെടുപ്പു വേളയിൽ നൽകിയ മറുപടിയിലും യഥാക്രമം എ.ഡി.എ.യുടെ ബാദ്ധ്യത കൂടി നഗരസഭ ഏറ്റെടുത്തതുമൂലമാണ് കൂടുതൽ തുക കടമെടുക്കേണ്ടി വന്നതെന്നും എ.ഡി.എ.യുടെ വായ്പ സംബന്ധിച്ച് ഹഡ്കോയിൽ നിന്നുള്ള കണക്കുകൾ ലഭ്യമല്ലായെന്നുമായിരുന്നു അറിയിച്ചിരുന്നത്. എന്നാൽ പുനഃപരിശോധനയിൽ എ.ഡി.എ.യുടെ വായ്പ നഗരസഭ അടച്ചിട്ടില്ലെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. കൂടാതെ 5 ലക്ഷം രൂപയിൽ കൂടുതൽ ഒറ്റത്തവണ ട്രഷറിയിൽ നിന്നും പിൻവലിക്കാൻ സാധിക്കാത്തതിനാലാണ് പല തവണകളായി 5 ലക്ഷം വീതം പിൻവലിച്ച് കെ.യു.ഡി.എഫ്.സി.യിൽ അടച്ചതെന്നും തെളിവെടുപ്പുവേളയിൽ സമിതിയെ അറിയിച്ചിരുന്നു. എന്നാൽ 30.06.1998-ൽ പിൻവലിച്ച 25 ലക്ഷം രൂപ 14.10.1998 മുതൽ 23.11.1998 വരെയുള്ള കാലയളവിൽ 5 ഗഡുക്കളായി അടച്ചതായിട്ടാണ് പുനഃപരിശോധനയിൽ ബോദ്ധ്യപ്പെട്ടത്.

2.8.3 ആയതിനാൽ നിയമസഭാ സമിതിയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടി അവാസ്തവങ്ങളായ മറുപടി നൽകുക വഴി സമിതിയോട് അനാദരവ് കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാത്ത വിധത്തിൽ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.8.4 ആലപ്പുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ബി. ഇന്ദ്രബാലൻ പിള്ളക്കെതിരായ കുറ്റാരോപണ മെമ്മോ നഗരകാര്യ ഡയറക്ടർ വഴി അയച്ചു കൊടുത്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.8.5 ബഹു. സമിതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും സ്വീകരിച്ച അച്ചടക്ക നടപടികളുടെ റിപ്പോർട്ട് ഈ വകുപ്പിന് ലഭ്യമാക്കുവാൻ നഗരസഭാ സെക്രട്ടറിയോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് അറിയിക്കുന്നു.

## 14.06.2017-ലെ സമിതി യോഗ തീരുമാനം

2.8.6 സർക്കാർ സമർപ്പിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 30.03.2017-ലെ കത്ത് എന്നിവ പരിഗണിച്ച സമിതി പ്രസ്തുത ശിപാർശഖണ്ഡികകൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

## 19.10.2017-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.8.7 വായ്പയായി എത്ര തുകയാണ് എടുത്തതെന്നും 95,23,207/- രൂപ പിഴപ്പലിശ ഒടുക്കിയത് എററിടെയാണെന്നും സമിതി ആരാഞ്ഞതിന് 40 ലക്ഷം രൂപയാണ് വായ്പ എടുത്തതെന്ന് ആലപ്പുഴ നഗരസഭാ സെക്രട്ടറിയും കേരള അർബൻ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിലാണ് തുക ഒടുക്കിയതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സമിതിയെ അറിയിച്ചു. പ്രസ്തുത തുക എന്തിനു വേണ്ടിയാണ് വായ്പ എടുത്തതെന്ന് സമിതി ആരാഞ്ഞതിന് ടൗൺ ഹാളിനു കെട്ടിടം വാങ്ങാൻ വേണ്ടിയാണ് വായ്പ എടുത്തതെന്നും കെട്ടിടം വാങ്ങിയിരുന്നെങ്കിലും സാമ്പത്തിക ക്രൈസിസ് കാരണമാണ് തിരിച്ചടവിൽ വീഴ്ചയുണ്ടായത് എന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. ജനകീയാസൂത്രണത്തിന്റെ ആരംഭഘട്ടമായതിനാൽ ഇത്തരത്തിലുള്ള കടിശ്ശികകൾ അടയ്ക്കുവാനായി ഗവൺമെന്റ് അനുമതി ആവശ്യപ്പെട്ടവർക്ക് കൊടുത്തിരുന്നുവെന്നും ടി കേസ്സിൽ ഗവൺമെന്റ് അനുമതി പോലും വാങ്ങാതെയാണ് പ്ലാൻ ഫണ്ടിൽ നിന്നും തുകയെടുത്ത് കടിശ്ശിക അടച്ചതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടിയെപ്പറ്റി സമിതി ചർച്ച ചെയ്ത അവസരത്തിൽ റിട്ടയർ ചെയ്യുന്നതിനു മുമ്പായിരുന്നുവെങ്കിൽ ടിയാനെതിരെ മൈനർ പെനാൽറ്റി കൊടുക്കുന്നതിൽ തടസ്സമില്ലായിരുന്നുവെന്നും ഇനി ഗവൺമെന്റ് നടപടി പുന:പരിശോധിക്കുന്നതിൽ കാര്യമില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

## 19.10.2017-ലെ സമിതി യോഗ തീരുമാനം

2.8.8 നിയമസഭാ സമിതിയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടി അവാസ്തവങ്ങളായ മറുപടി നൽകുക വഴി സമിതിയോട് അനാദരവ് കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സമിതിയെ തെറ്റിദ്ധരിപ്പിച്ചതിനാണ് അച്ചടക്ക നടപടി ശിപാർശ ചെയ്തതെന്ന വസ്തുത മറച്ചു വച്ച് 1997-98 കാലഘട്ടത്തിൽ ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള ആലപ്പുഴ നഗരസഭയിൽ ജോലി ചെയ്തിരുന്നില്ല എന്ന് സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചാണ് ടിയാൻ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവായിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. ടിയാൻ മാത്രമല്ല ഡിപ്പാർട്ട്മെന്റും ഈ വിഷയത്തിൽ സമിതിയെ തെറ്റിദ്ധരിപ്പിച്ചുവെന്നും, ഇതൊരു അസാധാരണമായ സംഭവമാണെന്നും സമിതി അഭിപ്രായപ്പെട്ടു. മേലിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ല എന്ന താക്കീതോടെ ഈ വിഷയത്തിന്മേലുള്ള നടപടി അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

## തുടർശിപാർശ

**2.8.9 ഭാവിയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ലെന്ന താക്കീതോടെ ഈ വിഷയത്തിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 121

## ശിപാർശ

2.9.1 വകുപ്പ് അദ്ധ്യക്ഷന്റെ ഉത്തരവ് യഥാമയം നടപ്പാക്കാതിരുന്നതുമൂലമാണ് 20 ഇരട്ടിയോളം തുക നഷ്ടപരിഹാരമായി നൽകേണ്ടിവന്നത്. ഇപ്രകാരം നഗരസഭയ്ക്ക് അധികബാദ്ധ്യത ഉണ്ടാക്കിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം ശ്രീ. വർക്കിക്ക് അനുവദിച്ച തുകയും അതിനോടനുബന്ധിച്ചുള്ള കോടതി ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് ചെലവുകളും തിട്ടപ്പെടുത്തി അന്നത്തെ സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.9.2 1979-80, 1989-90 കാലയളവിലെ സെക്രട്ടറിമാരായ ശ്രീ. പി. റ്റി മാത്യു, ശ്രീ. ബി. ദിലീപ്കുമാർ എന്നിവർക്ക് നഗരസഭയ്ക്ക് നഷ്ടമായ തുക അടയ്ക്കുന്നതിന് നോട്ടീസ് നൽകിയ വിവരം റിപ്പോർട്ട് ചെയ്യുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.9.3 1978-79, 1989-90 കാലയളവിലെ മുനിസിപ്പൽ കമ്മീഷണർമാർക്ക് നഗരസഭയ്ക്ക് നഷ്ടമായ തുക ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് നഗരസഭ മറുപടിയിൽ പറയുന്നുണ്ട് എന്നാണ് നോട്ടീസ് നൽകിയതെന്നും, നോട്ടീസിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഉത്തരവാദിയായവരിൽ നിന്നും നഷ്ടമായ തുക അടിയന്തരമായി ഈടാക്കുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

## 25.03.2008-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട്

2.9.4 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000 സമാഹൃത റിപ്പോർട്ട് ഖണ്ഡിക '5.5(എ)-ലെ അധികാരികളുടെ നിരുത്തരവാദിത്വം മൂലം 9,000/- രൂപ നഷ്ടമായി' എന്ന പരാമർശത്തിൽ നഗരസഭയ്ക്ക് അധിക ബാധ്യത ഉണ്ടാക്കിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ചിലവുകൾ തിട്ടപ്പെടുത്തി അന്നത്തെ സെക്രട്ടറിയിൽ നിന്നും ടി തുക ഈടാക്കണമെന്നും ശിപാർശ ചെയ്തിരുന്നു. (ഒന്നാമത് റിപ്പോർട്ട് (2006-08) ഖണ്ഡിക 121)

പ്രസ്തുത വിഷയത്തിൽ യഥാർത്ഥ നഷ്ടോത്തരവാദി ആരെന്ന് തെളിയിക്കുന്ന രേഖകളൊന്നും ലഭ്യമല്ലെന്ന് തിരുവല്ലാ നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളതിനാൽ യഥാർത്ഥ ഉത്തരവാദിയെ നിശ്ചയിക്കുവാൻ ഓഡിറ്റിന് കഴിയുന്നതല്ല. തുക നൽകുന്നതിന് ഡി.എം.എ. ഉത്തരവായ തീയതി 07.07.90 ആയതിനാൽ ടി തീയതിയ്ക്ക് മുൻപുള്ള മുനിസിപ്പൽ കമ്മീഷണർമാരെ നഷ്ടോത്തരവാദത്തിൽ നിന്നും ഒഴിവാക്കാവുന്ന താണെന്ന് അഭിപ്രായപ്പെടുന്നു. പ്രത്യേക ഫീസ് എന്ന നിലയിൽ 1979 കാലഘട്ടത്തിൽ ഭരണവകുപ്പിന്റെ അനുമതി ആവശ്യമാംവിധം സാരമായ തുകയായിരുന്നു. അനുമതി നൽകുവാൻ നഗരസഭാ ഡയറക്ടറേറ്റ് 11 വർഷം എടുത്തു എന്നത് ഒരു നിർണ്ണായക ഘടകമായി

കാണാവുന്നതാണ്. ഈ വിഷയത്തിൽ യഥാർത്ഥ കുറ്റവാളിയെ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടത് നഗരസഭാ ഡയറക്ടറേറ്റ് ആണെന്ന വിവിരം അറിയിക്കുന്നു.

## 30.10.2008-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ സ്വീകരിച്ച നടപടി

2.9.5 റിപ്പോർട്ട് പരാമർശ കാലയളവിലെ മുനിസിപ്പൽ കമ്മീഷണർ ആയിരുന്ന ശ്രീ. പി. റ്റി. മാത്യു സർവ്വീസിൽ നിന്ന് വർഷങ്ങൾക്ക് മുൻപ് വിരമിച്ചതിനാൽ വകുപ്പ് തല നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

നഗരസഭയ്ക്ക് അധിക ബാദ്ധ്യത ഉണ്ടാക്കിയ ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കുന്നതിനുവേണ്ടി ശ്രീ. പി. റ്റി. മാത്യു (മുനിസിപ്പൽ കമ്മീഷണർ) (റിട്ട) വിന് നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ ടിയാൻ നോട്ടീസിനെതിരെ മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ, മുനിസിപ്പൽ സെക്രട്ടറി, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ എന്നിവരെ പ്രതിയാക്കി ബഹു. കേരള ഹൈക്കോടതിയിൽ W.P.(C) No.15155/2007/(D) നമ്പരായി റിട്ട് ഫയൽ ചെയ്യുകയും, ടി കേസിൽ ബഹു. കോടതി 19.06.07-ൽ വിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിധിയിൽ 3-ാം കക്ഷിയായ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ കക്ഷിയെ നോട്ടീസ് നൽകി നേരിൽ കേട്ട് തീരുമാനം എടുക്കണമെന്ന് ഉത്തരവായിട്ടുള്ളതുമാണ്. ബന്ധപ്പെട്ട കോടതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. കോടതി വിധി പകർപ്പ് ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ടിന്റെ നടപടിയ്ക്കായി A3-6924-03-ാം നമ്പർ കത്ത് പ്രകാരം നൽകിയിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.9.6 ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി. റ്റി. മാത്യുവിനെ നേരിൽ കേട്ട്, ടിയാൻ ഉത്തരവാദിയല്ലായെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും, യഥാർത്ഥ ഉത്തരവാദി യാരെന്നും, മുനിസിപ്പൽ കമ്മീഷണറെ ഉത്തരവാദിയാക്കിയതാരെന്നും വ്യക്തമാക്കണ മെന്നാവശ്യപ്പെട്ട് തിരുവല്ല നഗരസഭാ സെക്രട്ടറിക്ക് 14.02.2008-ൽ പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ കത്തയച്ചിട്ടുള്ളതാണ്. പ്രസ്തുത വിവരം ഈ ഓഫീസിലെ 25.03.2008-ലെ എൽ.എഫ്.16928/സ്പെ.സെൽ.ജി1/08 കത്ത് പ്രകാരം നിയമസഭാ സമിതിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റിൽ നിന്നും ശ്രീ. പി. റ്റി. മാത്യുവിനെതിരെ നടപടിയൊന്നും എടുത്തിട്ടില്ലാത്തതുമാകുന്നു.

## 31.12.2008-ലെ സമിതിയോഗ തീരുമാനം

2.9.7 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും ലഭിച്ച തുടർനടപടിക്കുറിപ്പ് സമിതി പരിശോധിക്കുകയും മറുപടി വ്യക്തമല്ലാത്തതിനാൽ ടി വിഷയം സംബന്ധിച്ച റിപ്പോർട്ട് അടുത്ത യോഗത്തിൽ നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുകയും സമിതിയുടെ പിന്നീട്ടുള്ള യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റി വയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു.

## 17/08/2009-ലെ കത്തുപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട്

2.9.8 ഖണ്ഡിക 121-ലെ നഷ്ടത്തിന് ഉത്തരവാദികൾ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും, സൂപ്രണ്ടുമാണെന്നും നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നഗരസഭയിൽ ലഭിച്ച സമയത്തെ സൂപ്രണ്ട്, ക്ലാർക്ക് എന്നിവരുടെ സേവന കാലം, പേരു വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നും നഗരകാര്യ ഡയറക്ടറുടെ 06.03.2009-ലെ എഫ്.2/15978/06 നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരം 1990 വർഷ കാലയളവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലി ചെയ്തിരുന്ന സൂപ്രണ്ട് ശ്രീ. ഇ. എം. ചെല്ലപ്പൻ (മരണപ്പെട്ടു), ക്ലാർക്ക് ശ്രീ. തോമസ് ജോർജ് (വിരമിച്ചു) എന്നിവരുടെ വിവരങ്ങൾ 26.05.2009-ലെ ജി1/6087/09 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കണ്ടു.

2.9.9 07.07.1990-ലെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരമായി അനുവദിച്ച 1000/- രൂപ ബന്ധപ്പെട്ടവർക്ക് നൽകി തീർപ്പാക്കാതിരുന്ന കമ്മീഷണറാണ് ഉത്തരവാദി. 06.08.1990-വരെ കമ്മീഷണറുടെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. വി. സുരേന്ദ്രൻ പിള്ള, 07.08.1990 മുതൽ 03.11.1992 വരെ കമ്മീഷണറായിരുന്ന ശ്രീ. എസ്. വിജയകുമാർ എന്നിവരായിരുന്നു ടി കാലയളവിലെ ഉത്തരവാദികൾ. ഇവരിൽ ശ്രീ. എസ്. വിജയകുമാറിന്റെ 21.03.2009-ലെ (അന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി) ജി1/13810/08 നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരമാണ് (കത്ത് നഗരസഭയിൽ ലഭിച്ചിട്ടില്ല) നഗരകാര്യ ഡയറക്ടർ ഉത്തരവാദികളെ നിശ്ചയിച്ചിട്ടുള്ളത്. ഇതിന് അടിസ്ഥാനമായി

പറയുന്നത് "നഗരകാര്യ ഡയറക്ടറേറ്റിൽ നിന്ന് വന്ന ഒരു ഉത്തരവ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് ബന്ധപ്പെട്ട ക്ലാർക്ക്, സൂപ്രണ്ട് എന്നിവരുടെ ചുമതലയാണ്" എന്നാണ്. എന്നാൽ ഉത്തരവ് ആദ്യം കൈപ്പറ്റിയ സെക്രട്ടറി/സെക്രട്ടറിയുടെ ചുമതലയുള്ള എം.ഇ., ടി തപാലിൽ ഇനിഷ്യൽ ചെയ്യുകയും നടപടി നിർദ്ദേശിക്കുകയും ചെയ്യേണ്ടതുണ്ട്. ഉത്തരവ് കൈപ്പറ്റിയിട്ടുള്ളത് എം.ഇ. ആയിരുന്നെങ്കിൽ ശ്രീ. എസ്. വിജയകുമാറിന്റെ വാദവും, നഗരകാര്യ ഡയറക്ടറുടെ നിഗമനവും അംഗീകരിക്കാവുന്നതാണ്. എന്നാൽ ടി ഉത്തരവോ അന്നത്തെ തപാൽ വിതരണ രജിസ്റ്ററോ ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ പ്രാദേശിക പരിശോധന നടത്തി ഉത്തരവാദിയെ നിശ്ചയിക്കാവുന്നതല്ല. 1997-98 ലെ വൗച്ചറുകൾക്കൊപ്പം ടി ഉത്തരവ് ഉണ്ടായിരുന്നു എന്ന് ഓഡിറ്റ് ഖണ്ഡികയിൽ നിന്നും വ്യക്തമാകുന്നുണ്ട്. (10,000/- രൂപ ചെലവ് ചെയ്തത് 1997-98 ൽ ആണ്) ഓഡിറ്റ് കഴിഞ്ഞ വൗച്ചറുകൾ 12 കൊല്ലം കഴിഞ്ഞ് പരിശോധനയ്ക്ക് ലഭ്യമാവുക സാധ്യമല്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഉചിതമായ ഒരു നിർദ്ദേശം വയ്ക്കുവാൻ ഓഡിറ്റിന് കഴിയുന്നതല്ല. ഇതിലൊക്കെ ഉപരിയായി ഈ വസ്തുത കൂടി നിയമസഭാ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 1979-ൽ നഗരസഭ തീരുമാനമെടുത്ത് 1000/- രൂപയുടെ ചെലവനുമതി ആവശ്യപ്പെട്ടതിന് 11 കൊല്ലം കഴിഞ്ഞ് മാത്രം അനുമതി ഉത്തരവ് പുറപ്പെടുവിച്ച അന്നത്തെ ഡി.എം.എ. ഓഫീസിന് ഇക്കാര്യത്തിലുള്ള ബാധ്യത കൂടി തീരുമാനിക്കപ്പെടേണ്ടതാണ്.

## 10.11.2009-ലെ സമിതിയോഗ നിർദ്ദേശം

2.9.10 പരാതിക്കാരന് 1,000/- രൂപ നൽകി കേസ് തീർപ്പാക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത കാലയളവിലെ കമ്മീഷണറായിരുന്ന ഉദ്യോഗസ്ഥന്റെ പേരിൽ ബാധ്യത നിശ്ചയിച്ച് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടു.

## തുടർ ശിപാർശ

**2.9.11 പരാതിക്കാരന് 1,000/- രൂപ നൽകി കേസ് തീർപ്പാക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത കാലയളവിലെ കമ്മീഷണറായിരുന്ന ഉദ്യോഗസ്ഥന്റെ പേരിൽ ബാധ്യത നിശ്ചയിച്ച് തുക**

**ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 130**

**ശിപാർശ**

2.10.1 പ്രസ്തുത പദ്ധതി സംബന്ധിച്ച് ഫയലുകളും മറ്റനുബന്ധ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ വിശദമായ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും പരിശോധനയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തീർപ്പ് കൽപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.10.2 നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പത്തനംതിട്ട ജില്ലാ ഓഫീസിൽ നൽകിക്കഴിഞ്ഞ വിവരം റിപ്പോർട്ട് ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.10.3 സമിതിയുടെ നിർദ്ദേശാനുസരണം ഫയലുകളും മറ്റ് രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറിയുടെ കത്തിൽ പറയുന്നു. എന്നാൽ 52/97-ാം നമ്പർ അളവുപുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രാമപുരം മാർക്കറ്റ് ഷോപ്പിംങ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂരിഭാഗം അളവുകളും രേഖപ്പെടുത്തിയിരിക്കുന്നത് 52/97-ാം നമ്പർ അളവ് പുസ്തകത്തിലാണ്. ടി ബുക്ക് ആവശ്യപ്പെട്ടുകൊണ്ട് 05.02.2007-ൽ എൽ.എഫ്.പി.റ്റി.എ.പി1-9/07-ാം നമ്പർ കത്ത് പ്രകാരം മുനിസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ അളവ് പുസ്തകത്തിന്റെ അഭാവത്തിൽ പരിശോധന പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

## 16.05.2007-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട്

2.10.4 നഗരസഭയിൽ നിന്നും 11.01.2007-ൽ ഫയലും അനുബന്ധ രേഖകളും ഹാജരാക്കിയെങ്കിലും അളവ് ബുക്ക് ഹാജരാക്കിയില്ല. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും എം.ബുക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമായ ഫയലുകളും അളവ് ബുക്കുകളും പരിശോധിച്ച് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അയച്ചുതന്ന റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു (അനുബന്ധം-II).

## 30.10.2008-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ സ്വീകരിച്ച നടപടി

2.10.5 130-ാം ഖണ്ഡികയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ രാമപുരം മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ച ഫയലുകളും മറ്റ് അനുബന്ധ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി 01.01.2007-ൽ നൽകിയിരുന്നതും പരിശോധനയ്ക്കു ശേഷം ഫയൽ മടക്കി തന്നിട്ടുള്ളതുമാണ്. പരിശോധന തീർപ്പ് അറിയിക്കുന്നതിലേയ്ക്കായി 11.12.2007-ൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പത്തനംതിട്ടയ്ക്ക് A3-6924/04-ാം നമ്പരായി കത്ത് അയച്ചിട്ടുള്ളതുമാണ്. എന്നാൽ ആയത് സംബന്ധിച്ച മറുപടി ലഭിച്ചിട്ടില്ല. ലോക്കൽ ഫണ്ട് പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.10.6 തിരുവല്ല നഗരസഭയിൽ രാമപുരം മാർക്കറ്റ് സ്റ്റാളുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട 1997-98 വർഷത്തെ ഫയലും രേഖകളും പരിശോധിച്ച് ആയത് പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം 19.03.2008-ലെ എൽ.എഫ്.പി.റ്റി.എ.പി1/1127/07 നമ്പർ കത്ത് സഹിതം നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. പരിശോധനാ റിപ്പോർട്ടിന്റെ ഒരു പകർപ്പ് 16.05.2007-ലെ എൽ.എഫ്.6100/സ്പെ.സെൽ ജി1/07 കത്ത് പ്രകാരം നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാകുന്നു. റിപ്പോർട്ട് ലഭിച്ച് 6 മാസം കഴിഞ്ഞിട്ടും ആയത് ലഭിച്ചിട്ടില്ല എന്ന അർത്ഥത്തിൽ നഗരസഭാ സെക്രട്ടറി സർക്കാരിന് ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്

സമർപ്പിച്ചത് ദുരൂഹമാണ്. ഇക്കാര്യത്തിൽ ഇനിയും തുടർ നടപടി സ്വീകരിക്കേണ്ടത് നഗരസഭാ സെക്രട്ടറിയാണ് എന്നും ബോധിപ്പിക്കുന്നു.

## 31.12.2008-ലെ യോഗത്തിലെ സമിതി യോഗതീരുമാനം

2.10.7 പ്രസ്തുത ശിപാർശ ഖണ്ഡികയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും ലഭിച്ച തുടർനടപടിക്കുറിപ്പ് സമിതി പരിശോധിക്കുകയും മറുപടി വ്യക്തമല്ലാത്തതിനാൽ ഈ വിഷയം സംബന്ധിച്ച റിപ്പോർട്ട് അടുത്ത യോഗത്തിൽ നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുകയും സമിതിയുടെ പിന്നീടുള്ള യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റി വയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു.

## 17.08.2009-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട്

2.10.8 നഗരസഭ നാളിതുവരെ നഷ്ടം ഈടാക്കുവാൻ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല എന്നാണ് പ്രാദേശിക പരിശോധനയിൽ കണ്ടത്.

2.10.9 ഇക്കാര്യത്തിൽ തുടർ നടപടി വിവരം അറിയിക്കുവാൻ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## 10.11.2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.10.10 നഗരസഭയ്ക്കുണ്ടായ 1,54,980/- രൂപയുടെ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണെന്ന് കണ്ടെത്തി അവരുടെ പേരിൽ ബാദ്ധ്യത നിശ്ചയിച്ച് ആയത് ഈടാക്കിയ ശേഷം പ്രസ്തുത വിവരം സമിതിയെ അറിയിക്കുവാൻ നിർദ്ദേശിച്ചു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.10.11 ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി (2006-08) ഒന്നാം റിപ്പോർട്ടിലെ ഖണ്ഡിക 130-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള നഷ്ടത്തിന് ഉത്തരവാദിയായവരുടെ പേര് വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടോത്തരവാദികളുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. <u>പരിശോധനാ റിപ്പോർട്ടിലെ ഖണ്ഡിക 2-2 (നഷ്ടം രൂപ 33839+12375=46214/-)</u>

ഖണ്ഡിക അനുസരിച്ചുള്ള 46,214/- രൂപയുടെ നഷ്ടത്തിനുത്തരവാദി അന്നത്തെ ബിൽഡിംഗ് ഇൻസ്പെക്ടറായ ശ്രീ. എ. അബ്ദുൾ ഗഫൂറാണ്. വിലാസം താഴെ കൊടുക്കുന്നു.

ശ്രീ. എ. അബ്ദുൾ ഗഫൂർ (റിട്ട:അസിസ്റ്റന്റ് എഞ്ചിനീയർ),

ഉല്ലാസ്, പെരുന്ന,

ചങ്ങനാശ്ശേരി, കോട്ടയം ജില്ല.

2. <u>പരിശോധനാ റിപ്പോർട്ടിലെ ഖണ്ഡിക -4 (നഷ്ടം രൂപ 90061+18705=108766/-)</u>

1,08,766/- രൂപയുടെ നഷ്ടോത്തരവാദി അന്നത്തെ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. കെ. എം. ഷെരീഫ് ആണ്. ടിയാന്റെ വിലാസം താഴെ കൊടുക്കുന്നു.

ശ്രീ. കെ. എം. ഷെരീഫ്, കൊരട്ടിയാട്,

മുണ്ടക്കൽ ഈസ്റ്റ്, കൊല്ലം.

ശ്രീ. കെ. എം. ഷെരീഫ് ഇപ്പോൾ കായംകുളം നഗരസഭയിലെ എഞ്ചിനീയറാണ്.

മേൽപ്പറഞ്ഞവർ കൂടാതെ നഗരസഭയ്ക്ക് നഷ്ടമുണ്ടായതിന് അന്നത്തെ മുനിസിപ്പൽ സെക്രട്ടറിയും ചെയർമാനും ഉത്തരവാദികളാണെന്ന് പരിശോധനാ റിപ്പോർട്ട് പ്രകാരം അറിയിച്ചിരിക്കുന്നതിനാൽ അവരുടെ മേൽവിലാസം കൂടി താഴെ ചേർക്കുന്നു.

<u>മുനിസിപ്പൽ ചെയർപേഴ്സൺ (01.06.1998 മുതൽ പ്രവൃത്തി അവസാനിച്ചുവരെ)</u>

ശ്രീമതി സുശീല മേരി കുരുവിള, പുതിയോട്ട് മേടയിൽ, തിരുവല്ല.

<u>മുനിസിപ്പൽ സെക്രട്ടറി</u>

ശ്രീ. ജി. ബെന്നൻ (റിട്ട: റീജിണൽ ജോയിന്റ് ഡയറക്ടർ),

അനു ഭവൻ - JNRA - 90,
പത്തനംതിട്ട പി. ഒ., കൊല്ലം.

<u>**തുടർശിപാർശ**</u>

2.10.12 **പരാമർശ വിധേയമായ സംഗതിയിൽ നഷ്ടത്തിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.**

# അദ്ധ്യായം III

## സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയുള്ള മറുപടികളും

## ഖണ്ഡിക നമ്പർ 7, 8, 9, 10

### ശിപാർശ

3.1.1 ടെണ്ടർ എക്സസ് അനുവദിക്കുമ്പോൾ യാതൊരുവിധ നിർമ്മാണ സാമഗ്രികളും നൽകുവാൻ പാടില്ലായെന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ, ടെൻഡർ ഉത്തരവ് അനുവദിച്ചതിനുശേഷം സിമന്റ് വാങ്ങി നൽകിയ നഗരസഭാ സെക്രട്ടറി, ശ്രീ. സെബാസ്റ്റ്യൻ പദ്ധതിയുടെ മേൽനോട്ടം വഹിച്ച മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ് നടത്തിയിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു.

3.1.2 1996-97-ലെ പദ്ധതിയെക്കുറിച്ച് ഓഡിറ്റ് പരാമർശവും വിജിലൻസ് അന്വേഷണവും ഉണ്ടായിട്ടും, ഇതിന്മേൽ തുടർനടപടി പൂർത്തിയാക്കാതെ നഗരകാര്യ വകുപ്പ് അതിന്റെ ഭരണപരമായ കടമ നിറവേറ്റുന്നതിൽ പരാജയപ്പെട്ടതായും ഇപ്രകാരമുള്ള ഭരണപരമായ അനാസ്ഥ നഗരസഭകളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും വർദ്ധിക്കുന്നതിന് ഇടയാക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

3.1.3 സർക്കാർ ഉത്തരവിന് വിരുദ്ധമായി കരാറിലേർപ്പെട്ടുവെന്നും അതുവഴി നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയെന്നുമുള്ള ഓഡിറ്റ് പരാമർശമുണ്ടായിട്ടും നഷ്ടമുണ്ടായിട്ടില്ലായെന്ന് സമിതിയുടെ തെളിവെടുപ്പ് വേളയിൽ കായംകുളം നഗരസഭാ സെക്രട്ടറി സമർത്ഥിക്കാൻ ശ്രമിച്ചത് സമിതിയെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണെന്ന് സമിതി കരുതുന്നു.

3.1.4 സർക്കാർ ഉത്തരവിനെ മറികടന്നുകൊണ്ട് നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയ ബന്ധപ്പെട്ട മുൻ സെക്രട്ടറി, മുൻ മുനിസിപ്പൽ എഞ്ചിനീയർ എന്നിവരിൽ നിന്നും നഷ്ടപ്പെട്ട തുക പലിശ സഹിതം ഈടാക്കുവാനും കാലഹരണമുൾപ്പെടെയുള്ള സാങ്കേതിക കാരണങ്ങളാൽ ഇതിനു കഴിയാതെ വന്നാൽ യഥാസമയം നടപടി സ്വീകരിച്ച് ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടം വസൂലാക്കുന്നതിന് നടപടി

സ്വീകരിക്കാതിരുന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.1.5 ബന്ധപ്പെട്ട മുനിസിപ്പൽ സെക്രട്ടറി ശ്രീ. ജെ. സെബാസ്റ്റ്യൻ(റിട്ട:), മുനിസിപ്പൽ സെക്രട്ടറി ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള (കണ്ണൂർ നഗരസഭ), മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. പ്രകാശൻ പിള്ള (പാലക്കാട് നഗരസഭ), കെ. ബി. ഹേമലത (കൊച്ചി നഗരസഭ), മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എം. ഒ. യൂസഫ് (കായംകുളം നഗരസഭ), എന്നിവർക്ക് ഈ നഗരസഭയിൽ നിന്നും കേരള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശയുടെ പകർപ്പ് അയച്ചുകൊടുക്കുകയും അനുപ്രകാരമുള്ള നഷ്ടപ്പെട്ട തുക ഒടുക്കുന്നതിനുള്ള നോട്ടീസും നൽകിയിട്ടുണ്ട്. ആയതിന് റിട്ട: മുനിസിപ്പൽ സെക്രട്ടറി ശ്രീ. ജെ. സെബാസ്റ്റ്യൻ ഒഴികെയുള്ളവർ മറുപടിയും ഹാജരാക്കിയിട്ടുണ്ട്.

09.09.2005-ലെ ജി. ഒ. (ആർ.റ്റി) നം. 3870/05/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മേപ്പടിയാളുകൾക്ക് എതിരെയുള്ള നടപടി അവസാനിപ്പിച്ചിട്ടുള്ളതാണ്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.1.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം കുറ്റാരോപിതരായ സെക്രട്ടറിക്കും എഞ്ചിനീയർമാർക്കും 26.12.2006-ൽ നോട്ടീസ് നൽകുകയും ടിയാളുകൾ ബോധിപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 09.09.2005-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ (എ) ജി.ഒ. (ആർ.റ്റി) നം. 3870/05 നമ്പർ ഉത്തരവ് പ്രകാരം ടിയാളുകളെ കുറ്റവിമുക്തരാക്കുകയും ചെയ്തിട്ടുണ്ട്.

നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കണമെന്നാണ് സമിതിയുടെ നിർദ്ദേശം. എന്നാൽ ടിയാളുകൾക്ക് എതിരെയുള്ള നടപടി അവസാനിപ്പിച്ചതായുള്ള 09.09.2005-ലെ സർക്കാർ ഉത്തരവാണ് ഹാജരാക്കിയിട്ടുള്ളത്.

## അദ്ധ്യായം IV

## സർക്കാരിൽ നിന്ന് മറുപടി ലഭ്യമാക്കേണ്ടിയിരുന്നതും എന്നാൽ ആയത് യഥാസമയം ലഭ്യമാക്കാതിരുന്നതും സമിതി ആവർത്തിക്കുന്നതുമായ ശിപാർശകൾ

### ഖണ്ഡിക നമ്പർ 92, 93, 94, 95, 96

### ശിപാർശ

4.1.1 മാവേലിക്കര നഗരസഭ ഏറ്റെടുക്കുന്ന പ്രവൃത്തികളെല്ലാം ദീർഘവീക്ഷണമോ ആസൂത്രണമോ ഇല്ലാതെയാണ് രൂപകല്പന ചെയ്യുതെന്നും ഇതുമൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടവും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതുമായി ത്തീരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു.

4.1.2 പൊതുമേഖലാ സ്ഥാപനം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടും ഉപാധികളോടെയുള്ള ടെൻഡറാണെന്ന കാരണം അത് നിരസിക്കുകയും കൂടിയ നിരക്കിൽ ടെൻഡർ കൊടുത്ത സ്വകാര്യ വ്യക്തിക്ക് കരാർ നൽകിയ ശേഷം ടിയാന് അധിക നിരക്ക് വീണ്ടും വർദ്ധിപ്പിച്ച് നൽകുകയും വഴി നഗരസഭാ അധികാരികൾ ഒരു വ്യക്തിക്ക് ലാഭമുണ്ടാക്കുന്നതിനുവേണ്ടി അധികാര ദുർവിനിയോഗം നടത്തിയെന്ന് സമിതി വിലയിരുത്തുന്നു.

4.1.3 മാവേലിക്കര നഗരസഭയിൽ കാലാകാലങ്ങളായി നടന്നുവരുന്ന വികസന പ്രവർത്തനങ്ങളിൽ ധനദുർവിനിയോഗവും ആസൂത്രണമില്ലായ്മയും നഗരസഭാ ജീവനക്കാരുടെ ഉത്തരവാദിത്വമില്ലായ്മയും പ്രകടമാണെന്നും ആയതിനാൽ നഗരസഭ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകളെ സംബന്ധിച്ചും അതിൽ വിവിധ ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തെ സംബന്ധിച്ചും വകുപ്പുതലത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4.1.4 നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാനോ തുടർ നടപടി സ്വീകരിക്കുവാനോ നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തത് ഗുരുതരമായ കൃത്യവിലോപ മാണെന്നും ആയതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ചും അന്വേഷിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

4.1.5 വെറ്ററിനറി കോളേജിലെ വിദഗ്ധരുടെയും മലിനീകരണ നിയന്ത്രണ വിഭാഗത്തിന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ശുചിത്വപരിപാലനത്തിനാവശ്യമായ പരിഷ്കാരങ്ങൾ വരുത്തി അറവുശാലയുടെ പണി പൂർത്തിയാക്കി ഉപയോഗപ്രദമാക്കണമെന്നും നഗരസഭയ്ക്ക് നഷ്ടമായ തുക കരാറുകാരനിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും ഇതു സംബന്ധമായി കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 100

## ശിപാർശ

4.2 കാർ വാങ്ങുന്നതിന് ചെലവാക്കിയ തുക ഉപാധിരഹിത ഫണ്ടിലേക്ക് നാളിതുവരെയും തിരികെ മാറ്റിയിട്ടില്ലായെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുന:പരിശോധനയിൽ വ്യക്തമായ സാഹചര്യത്തിൽ ഈ തുക നിയമാനുസരണം ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ഖണ്ഡിക നമ്പർ 117

## ശിപാർശ

4.3 ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരെയും ഫയലുകൾ കൈകാര്യം ചെയ്തിരുന്ന മറ്റുദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

**കെ. സുരേഷ് കുറുപ്പ്,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

തിരുവനന്തപുരം,
2021 ജനുവരി, 21.

# അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.5 | തദ്ദേശസ്വയംഭരണം | പരാമർശവിധേയനായ സെക്രട്ടറിയുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് നഷ്ടത്തുക ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനും, അല്ലാത്തപക്ഷം ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 2. | 2.2.16 | ,, | 24.06.2015-ലെ തെളിവെടുപ്പ് യോഗത്തിലെ സർക്കാർ മറുപടിയുടെയും ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ട ത്തിൽ തുക ചെലവഴിക്കുന്ന രീതി സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ നിലനിന്നില്ലായിരുന്നുവെന്നത് പരിഗണിച്ചും പ്രസ്തുത ശിപാർശ ഖണ്ഡികകളിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.12 | ,, | പ്രസ്തുത ശിപാർശയിന്മേൽ ഭരണ വകുപ്പ് സ്വീകരിച്ച നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം നഷ്ടോത്തരവാദികളിൽ നിന്ന് നഷ്ടത്തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.4 | ,, | തുക ഈടാക്കിയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 5 | 2.5.4 | ,, | ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതു സംബന്ധിച്ച രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കി ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 6 | 2.6.7 | ,, | പ്രസ്തുത നിർമ്മാണ പ്രവൃത്തി ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭഘട്ടത്തിലുള്ളതാണെന്ന് വിലയിരുത്തിയ സമിതി ആ കാലഘട്ടത്തിൽ ഇത്തരം പദ്ധതികളുടെ നടത്തിപ്പിന് വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ലായിരുന്നുവെന്നും |

| | | | |
|---|---|---|---|
| | | | ബസ്സ്റ്റാന്റ് നിർമ്മാണത്തിന് അധികം തുക അനുവദിച്ചത് സർക്കാർ അനുമതിയോടു കൂടിയായതിനാലും പ്രസ്തുത ശിപാർശകളിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു. |
| 7 | 2.7.4 | തദ്ദേശസ്വയംഭരണം | ക്രമക്കേടിന് ഉത്തരവാദിയായ നഗരസഭാ സെക്രട്ടറിയ്ക്ക് മെമ്മോ നൽകുക മാത്രമേ ഉണ്ടായിട്ടുള്ളൂവെന്ന് അഭിപ്രായപ്പെട്ട സമിതി, സമിതി ശിപാർശ പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടിയുടെ വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നു. |
| 8 | 2.8.9 | ,, | ഭാവിയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ലെന്ന താക്കീതോടെ ഈ വിഷയത്തിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 2.9.11 | ,, | പരാതിക്കാരന് 1,000/- രൂപ നൽകി കേസ് തീർപ്പാക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത കാലയളവിലെ കമ്മീഷണറായിരുന്ന ഉദ്യോഗസ്ഥന്റെ പേരിൽ ബാധ്യത നിശ്ചയിച്ച് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 2.10.12 | ,, | പരാമർശ വിധേയമായ സംഗതിയിൽ നഷ്ടത്തിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 4.1.1<br>4.1.2<br>4.1.3<br>4.1.4<br>4.1.5 | ,, | മാവേലിക്കര നഗരസഭ ഏറ്റെടുക്കുന്ന പ്രവൃത്തികളെല്ലാം ദീർഘവീക്ഷണമോ ആസൂത്രണമോ ഇല്ലാതെയാണ് രൂപകല്പന ചെയ്യുന്നതെന്നും ഇതുമൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടവും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതുമായിത്തീരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു.<br>പൊതുമേഖലാ സ്ഥാപനം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടും ഉപാധികളോടെയുള്ള ടെൻഡറാണെന്ന കാരണം അത് നിരസിക്കുകയും കൂടിയ നിരക്കിൽ ടെൻഡർ കൊടുത്ത സ്വകാര്യ വ്യക്തിക്ക് കരാർ നൽകിയ ശേഷം ടിയാന് അധിക നിരക്ക് വീണ്ടും വർദ്ധിപ്പിച്ച് നൽകുകയും വഴി നഗരസഭാ |

| | | | |
|---|---|---|---|
| | | | അധികാരികൾ ഒരു വ്യക്തിക്ക് ലാഭമുണ്ടാക്കുന്നതിനുവേണ്ടി അധികാര ദുർവിനിയോഗം നടത്തിയെന്ന് സമിതി വിലയിരുത്തുന്നു.<br>മാവേലിക്കര നഗരസഭയിൽ കാലാകാലങ്ങളായി നടന്നുവരുന്ന വികസന പ്രവർത്തനങ്ങളിൽ ധനദുർവിനിയോഗവും ആസൂത്രണമില്ലായ്മയും നഗരസഭാ ജീവനക്കാരുടെ ഉത്തരവാദിത്വമില്ലായ്മയും പ്രകടമാണെന്നും ആയതിനാൽ നഗരസഭ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകളെ സംബന്ധിച്ചും അതിൽ വിവിധ ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തെ സംബന്ധിച്ചും വകുപ്പുതലത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാനോ തുടർ നടപടി സ്വീകരിക്കുവാനോ നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തത് ഗുരുതരമായ കൃത്യവിലോപ മാണെന്നും ആയതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ചും അന്വേഷിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br>വെറ്ററിനറി കോളേജിലെ വിദഗ്ധരുടെയും മലിനീകരണ നിയന്ത്രണ വിഭാഗത്തിന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ശുചിത്വപരിപാലനത്തിനാവശ്യമായ പരിഷ്കാരങ്ങൾ വരുത്തി അറവുശാലയുടെ പണി പൂർത്തിയാക്കി ഉപയോഗപ്രദമാക്കണമെന്നും നഗരസഭയ്ക്ക് നഷ്ടമായ തുക കരാറുകാരനിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും ഇതു സംബന്ധമായി കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 4.2 | തദ്ദേശസ്വയംഭരണം | കാർ വാങ്ങുന്നതിന് ചെലവാക്കിയ തുക ഉപാധി രഹിത ഫണ്ടിലേക്ക് നാളിതുവരെയും തിരികെ മാറ്റിയിട്ടില്ലായെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ പുന:പരിശോധനയിൽ വ്യക്തമായ സാഹചര്യത്തിൽ ഈ തുക നിയമാനുസരണം ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 13 | 4.3 | തദ്ദേശസ്വയംഭരണം | ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കെതിരെയും ഫയലുകൾ കൈകാര്യം ചെയ്തിരുന്ന മറ്റുദ്യോഗസ്ഥർക്കെതിരെയും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II



## തിരുവല്ല നഗരസഭയിലെ രാമപുരം മാർക്കറ്റ് സ്റ്റാളുകളുടെ നിർമ്മാണം - പരിശോധനാ റിപ്പോർട്ട്.

| | |
|---|---|
| ഫയൽ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയ ഓഡിറ്ററുടെ പേരും തസ്തികയും. | ശ്രീ. പി.പി. സുരേഷ് കുമാർ, സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ. |

. . . . . . .

### ആമുഖം

തിരുവല്ല നഗരസഭയുടെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പട്ടിക 15 പ്രകാരം ഫയൽ ഹാജരാക്കിയിട്ടില്ലായെന്ന ഓഡിറ്റ് പരാമർശത്തിൻമേൽ ഫയൽ അടിയന്തിരമായി പരിശോധനക്ക് ഹാജരാക്കി ലോക്കൽ ഫണ്ട് ഓഡിറ്ററിന്റെ തീർപ്പിന് വിധേയമാക്കണമെന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം നഗരസഭയിൽ നിന്ന് ഹാജരാക്കിയ ഫയലും അളവു ബുക്കുകളും സമഗ്രമായ പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവുവിവരങ്ങളും അനുബന്ധ രേഖകളും കൃത്യമായും ക്രമമായും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പരിശോധന ഏറെ ദുഷ്കരവും ശ്രമകരവും ആക്കി എന്നതിനു പുറമെ സമയ നഷ്ടവും ഉണ്ടായിട്ടുണ്ട്. ചെലവിന്റെ നിജസ്ഥിതി തെളിയിക്കുന്നതിനാധാരമായ രേഖകൾ അപൂർണ്ണവും പരസ്പര ബന്ധമില്ലാത്തതുമാണെന്ന വസ്തുത പ്രവൃത്തിയുടെ നടത്തിപ്പിൽ ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ടെന്ന് സംശയാതീതമായി തെളിയിക്കുന്നുണ്ട്. പരിചയ സമ്പന്നരായ സാങ്കേതിക വിദഗ്ദരും അധികൃതരും നേരിട്ട് നടപ്പാക്കിയ ഈ പ്രവൃത്തിയുടെ രേഖകൾ കൃത്യവും പൂർണ്ണവുമല്ലായെന്നത് വെറും യാദൃശ്ചികമല്ലാ എന്നും ഓഡിറ്റ് വിലയിരുത്തുന്നു. രേഖകൾ കൃത്യമായും പൂർണ്ണമായും തയ്യാറാക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള മനഃപൂർവ്വമായ നടപടി തന്നെയാണെന്ന് കരുതുവാൻ ഏറെ ന്യായങ്ങളുണ്ട്. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മൂന്ന് അളവുബുക്കുകളിൽ 52/97-ാം നമ്പർ ബുക്ക് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ലായെന്നത് ശ്രദ്ധേയമാണ്. പ്രവൃത്തിക്ക് ആകെ ചെലവായ തുക, പ്രവൃത്തിയുടെ ആകെ മൂല്യം (എസ്റ്റിമേറ്റ് അനുസരിച്ച്), സംഭരിച്ച നിർമ്മാണ സാമഗ്രികളുടെ അളവ് തുടങ്ങിയ ആവശ്യമായ വിവരങ്ങളൊന്നും തന്നെ ക്രോഡീകരിച്ച് തയ്യാറാക്കി വെച്ചിട്ടില്ലായെന്നത് സാമ്പത്തിക ദുരുപയോഗം ശ്രദ്ധിക്കപ്പെടാതിരിക്കാനുള്ള തന്ത്രമാണെന്ന് കരുതുന്നതിന് മറ്റൊരു അപാകതയും ഇല്ല. പൊതു പണം ചെലവു ചെയ്യുന്നതിന് അനുവർത്തിക്കേണ്ട അടിസ്ഥാന തത്വങ്ങൾ പോലും അനുവർത്തിച്ചിട്ടില്ലായെന്നത് നിസ്സാരമായി കരുതി തള്ളിക്കളയാവുന്നതുമല്ല.

ചെലവ് വിവരം.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചെലവായ 750214/- രൂപയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം. | ചെക്ക്നമ്പർ/തീയതി | തുക(രൂപ) | തുക ആർക്ക് നൽകിയെന്ന വിവരം. |
|---|---|---|---|
| 1. | 224489/30.6.98 | 127572/- | സന്തോഷ് കുമാർ. |
| 2. | 497226/28.9.98 | 20000/- | റെജി ചെറിയാൻ. |
| 3. | 497227/13.10.98 | 103373/- | സന്തോഷ് കുമാർ. |
| 4. | 497228/23.10.98 | 27511/- | റെജി ചെറിയാൻ. |
| 5. | 497229/16.2.99 | 36729/- | " |
| 6. | 497231/16.3.99 | 115235/- | സന്തോഷ് കുമാർ. |
| 7. | 497232/19.3.99 | 56701/- | റെജി ചെറിയാൻ. |
| 8. | 497233/15.5.99 | 19500/- | എൻ.എ. ഹമീദ്. |
| 9. | 497234/15.5.99 | 23400/- | " |
| 10. | 497235/തീയതി ലഭ്യമല്ല | 38839/- | ലഭ്യമല്ല. |
| 11. | 497236/ " | 12375/- | " |
| 12. | 497237/3.6.99 | 38641/- | രാജേഷ്. |
| 13. | 497238/17.6.99 | 25000/- | ഷൗക്കത്ത് അലി. |
| 14. | 528321/3.7.99 | 33387/- | " |
| 15. | 528366/21.8.99 | 55925/- | റെജി ചെറിയാൻ. |
| 16. | 528367/21.8.99 | 16026/- | രാജേഷ്. |
| | ആകെ : | 750214/-രൂപ | |

പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഇതര ചെലവുകൾ ഇതോടൊപ്പം കണക്കാക്കിയിട്ടില്ല.

(......3)

| | | | |
|---|---|---|---|
| 1. | പർച്ചേയ്സ് ടാക്സ്, തൊഴിലാളി ക്ഷേമനിധി | : | 12138/- രൂപ. |
| 2. | പരസ്യചാർജ്ജ് (ടെണ്ടർ) | : | 6240/- " |
| 3. | ഹിറൈയർ ചാർജ്ജ് | : | 3250/- " |
| 4. | വൈദ്യുത പോസ്റ്റ് മാറ്റുവാൻ വൈദ്യുത ബോർഡിന് അടവാക്കിയത്. | : | 5742/- " |
| | | | 27370/- രൂപ. |

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഇതര ചെലവുകൾ കൂടി കൂട്ടിയാൽ 777584/- രൂപ മൊത്തം ചെലവായതായി കാണുന്നു.

## അപാകതകൾ.

### 1. നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിക്കാത്തത്.

ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച നിരക്ക് പ്രകാരം 656500/- രൂപയുടെ അടങ്കലുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള ഈ പ്രവൃത്തി കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് ഡിപ്പാർട്ടുമെന്റലായി ചെയ്യാവുന്നതാണെന്ന് വൈസ് ചെയർമാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഗരസഭ നേരിട്ട് ചെയ്ത ഈ പ്രവൃത്തി നിർമ്മാണ സാമഗ്രികളും ലേബറും വിതരണം ചെയ്യുവാൻ "പീസ് വർക്ക്" കരാർ നൽകുകയാണുണ്ടായിട്ടുള്ളത്. (കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ചിരുന്നുവെങ്കിലും അംഗീകാരം നൽകിയതായി രേഖയില്ല). നഗരസഭ നേരിട്ട് ചെയ്യുവാൻ തീരുമാനിച്ച ഈ പ്രവൃത്തി പീസ് വർക്ക് കരാർ മുഖേന നടപ്പിലാക്കിയത് ക്രമവിരുദ്ധമാണ്. കേരള മുനിസിപ്പൽ (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 12 പ്രകാരം നഗരസഭ നേരിട്ട് പൊതുമരാമത്ത് പണി നടത്തുന്ന സംഗതികളിൽ പ്രസ്തുത പണിയുടെ മൊത്തം ചെലവ് എസ്റ്റിമേറ്റ് തുകയിൽ കവിയാൻ പാടില്ലാത്തതാകുന്നു. എന്നാൽ നിർമ്മാണ വസ്തുക്കളുടെ പ്രാദേശിക വിലയും പണിക്കൂലിയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലാണ് എന്ന കാരണത്താൽ മൊത്തം ചെലവ് എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ചിട്ടുണ്ടെന്ന് കൗൺസിലിന് ബോദ്ധ്യമാകുന്ന പക്ഷം എസ്റ്റിമേറ്റ് തുകയുടെ 5%-ൽ കവിയാത്ത അത്തരം അധിക ചെലവ് സാങ്കേതിക സമിതിയുടെ മുൻകൂർ അനുമതിയോടെ അംഗീകരിക്കാവുന്നതാണ്. എന്നാൽ മെറ്റീരിയൽ, ലേബർ എന്നിവ കരാർ നൽകി പ്രവൃത്തി നടപ്പിലാക്കിയതു മൂലം (പീസ് വർക്ക് കരാർ മുഖേന) സാധാരണ കരാർ പ്രവൃത്തിയിൽ നിന്നും യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ലായെന്ന് കാണുന്നു. മാത്രവുമല്ല എസ്റ്റിമേറ്റ് നിരക്കിനേക്കാൾ വളരെ

അധികരിച്ച നിരക്കിനാണ് കരാർ നൽകി സാധന സാമഗ്രികൾ വിതരണം ചെയ്തിട്ടുള്ളത്. ആയതു മൂലം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധിക ചെലവ് വന്നിട്ടുണ്ട്. ഇപ്രകാരം അധിക ചെലവ് വന്നിട്ടുള്ളതിന് നിയമപ്രകാരം അംഗീകാരം വാങ്ങിയിട്ടുമില്ല.

പ്രാദേശിക നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള ഈ പ്രവൃത്തി പീസ് വർക്ക് കരാർ മുഖേന നടപ്പിലാക്കിയതിനാൽ സാധാരണ കരാർ പ്രവൃത്തിയിൽ നിന്നും യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല. 6.11.97 ലെ സർക്കാർ ഉത്തരവ് 246/97 പ്രകാരം പ്രാദേശിക നിരക്ക്(ആകെ ചെലവ് 96 ലെ ഷെഡ്യൂൾ നിരക്കിനേക്കാൾ 50% ൽ അധികം വരാതെ) ടെണ്ടർ ചെയ്യാത്ത പ്രവൃത്തികൾക്ക് മാത്രം ബാധകമാണ്. നേരിട്ടുള്ള നിർവഹണം, പീസ് വർക്ക് കരാർ, ടെണ്ടർ എന്നിവക്ക് ഷെഡ്യൂൾ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ചട്ടം 12 പ്രകാരമുള്ള ടെണ്ടർ അധികം അനുവദിക്കാവുന്നതാണ്. (27.5.98 വരെ) 28.5.98 മുതൽ 24.3.99 വരെ കോൺക്രീറ്റ് മേൽക്കൂര ഉള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന് 40% വരെ ടെണ്ടർ അധികം അനുവദിക്കാവുന്നതാണ്. (ഗവ:സർക്കുലർ 21945/ബി1 98 എൽ.എ.ഡി 28.5.98, 37783/ പി3/98 – 1.9.98 എന്നിവ കണ്ടാലും) ഈ സർക്കാർ നിർദ്ദേശങ്ങൾ മറികടക്കാനും കരാറുകാർക്ക് അധിക പ്രതിഫലം നൽകുവാനും മാത്രമാണ് പ്രവൃത്തി നേരിട്ട് നിർവഹിക്കുവാൻ തീരുമാനിച്ചതെന്ന് കാണുന്നു. നേരിട്ട് നിർവഹിക്കാൻ തീരുമാനിച്ചിട്ട് പീസ് വർക്ക് കരാർ നൽകിയ അധികൃതരുടെ നടപടി മനഃപൂർവ്വമാണെന്നുതന്നെ കരുതേണ്ടതാണ്.

28.5.98 തിയതിയിൽ ടെണ്ടർ പരസ്യം ചെയ്ത ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്ക് സമർപ്പിക്കാൻ നടപടിക്രമം ആരംഭിച്ചത് 28.3.98 ലാണ്. 6.5.98 ലാണ് എം.എൽ.ഇ.സി എസ്റ്റിമേറ്റ് അംഗീകരിച്ചത്. എന്നാൽ 23.6.98 ന് കരാർ വെച്ച ഈ പ്രവൃത്തിക്ക് 96 –ൽ ഷെഡ്യൂൾ നിരക്കിനേക്കാൾ 40% അധിക നിരക്ക് (10% സിപി ഉൾപ്പെടാതെയുള്ള നിരക്ക്) കരാറുകാർക്ക് അനുവദിക്കാമായിരുന്നു. എന്നാൽ നഗരസഭ നേരിട്ട് നിർവ്വഹിക്കാൻ തീരുമാനിച്ച് ഈ പ്രവൃത്തിക്ക് ഈ ആനുകൂല്യം നൽകാവുന്നതല്ല. ആയതിനാൽ ഈ പ്രവൃത്തിക്ക് മുനിസിപ്പാലിറ്റി ആക്ട് ചട്ടം 12 പ്രകാരമുള്ള ആനുകൂല്യത്തിനു മാത്രമേ അർഹതയുള്ളൂ.

പീസ് വർക്ക് കരാർ നൽകി സംഭരിച്ച സാധന സാമഗ്രികളുടെ വിലയും തൊഴിലാളികളുടെ കൂലിയും 96 ലെ ഷെഡ്യൂൾ അനുസരിച്ചുള്ള നിരക്കിനേക്കാളും പ്രാദേശിക നിരക്കിനേക്കാളും അധികമാണെന്നു കാണുന്നു. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(.....5)

| ഇനം | കരാർപ്രകാരമുള്ള നിരക്ക് (രൂപ) | 96ലെ ഷെഡ്യൂൾ നിരക്ക് (രൂപ) (കൺവേയൻസ് ഉൾപ്പെടെ) | ജില്ലാതലകമ്മിറ്റി അംഗീകരിച്ച പ്രാദേശിക നിരക്ക് (രൂപ) |
|---|---|---|---|
| 1. വയർകട്ട് ബ്രിക്സ് | 2200/1000 | 1670/1000 | 2400/1000 |
| 2. സിമിന്റ് | 165/ബാഗ് (=3300/ടൺ) | 2661/ടൺ | 3200/ടൺ |
| 3. ആറ്റുമണൽ | 370/എം.$^3$ | 164/എം.$^3$ | 300/എം.$^3$ |
| 4. 20 എം. എം. മെറ്റൽ | 570/എം.$^3$ | 339/" | 550/" |
| 5. 40 എം. എം. മെറ്റൽ | 375/"<br>425/" | 268/" | 375/" |
| 6. റബിൾ | 275/"<br>300/" | 190/" | 300/" |
| 7. മസ്ദൂർ (പുരുഷൻ) | 110/ദിവസം | 57/ദിവസം | 100/ദിവസം |
| 8. മേസൺ | 160/ " | 84/ " | 150/ " |
| 9. കാർപെന്റർ | 175/ " | 84/ " | 150/ " |

മേൽ വിവരങ്ങളിൽ നിന്നും 96 ലെ ഷെഡ്യൂൾ നിരക്കിനേക്കാൾ വലിയ വ്യത്യാസത്തിനാണ് പ്രവൃത്തി ചെയ്യിപ്പിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാവുന്നതാണ്.

നേരിട്ട് നിർവഹിക്കുന്ന പ്രവൃത്തികൾക്ക് വിനിയോഗിക്കുന്ന തൊഴിലാളികളുടെ വിവരങ്ങൾ മസ്റ്റർ റോൾ തയ്യാറാക്കി സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിക്കാത്തതും നടപടിക്രമങ്ങളിൽ വരുത്തിയ വളരെ ഗുരുതരമായ വീഴ്ചയാണ്.

160.32 എം. സ്ക്വയർ വിസ്തീർണ്ണമുള്ള കടമുറികൾ നിർമ്മിക്കുവാനാണ് ജനകീയാസൂത്രണം ~~ജനകീയാസൂത്രണം~~ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പദ്ധതിയും എസ്റ്റിമേറ്റും തയ്യാറാക്കിയത്. എന്നാൽ ചെയർമാന്റെ നിർദ്ദേശപ്രകാരം സെക്രട്ടറിയുടെ അനുവാദത്തോടെ ഓഫീസ് കോമ്പൗണ്ടിൽ വാഹനം പാർക്ക് ചെയ്യുവാൻ 211.30 എം.$^2$ വിസ്തീർണ്ണത്തിൽ ഒരു ഗ്രൗണ്ട് ഫ്ളോർ കൂടി നിർമ്മിച്ചിട്ടുണ്ട്. കടമുറികളുടെ നിർമ്മാണത്തിൽ

(......6)

എസ്റ്റിമേറ്റ് പ്രകാരമുള്ള വിവിധ ഇനങ്ങൾ ചെയ്യാതെയാണ് ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ അധിക നിർമ്മാണ പ്രവൃത്തി ചെയ്തിട്ടുള്ളത്. ഈ അധികപ്രവൃത്തി ചെയ്യുന്നതിന് ഭരണാനുമതി, സാങ്കേതികാനുമതി, എസ്റ്റിമേറ്റ് എന്നിവ പുതുക്കിയിട്ടില്ലാ എന്നത് വളരെ ഗുരുതരമായ വീഴ്ചയാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെ ഏതാനം വ്യക്തികളുടെ ഇഷ്ടപ്രകാരം പൊതു മുതൽ യഥേഷ്ടം വിനിയോഗിച്ചതിന് യാതൊരു ന്യായീകരണവും ഇല്ല. അധികൃതരുടെ ഭാഗത്തുനിന്നുമുള്ള ഈ വീഴ്ച യാതൊരു കാരണവശാലും ലാഘവ ബുദ്ധിയോടെ കാണാവുന്നതല്ല.

30.6.98 ലെ ഉത്തരവനുസരിച്ച് ബിൽഡിംഗ് ഇൻസ്പെക്ടർക്ക് 519811/- രൂപ മുൻകൂർ നൽകാവുന്നതാണെന്ന സെക്ഷനിൽ നിന്നുള്ള ശുപാർശ അനുസരിച്ച് മുൻകൂർ അനുവദിക്കുകയും, ജനകീയാസൂത്രണ ഫണ്ടിൽ നിന്നും നൽകിയ മുൻകൂർ തുക തിരുവല്ല സബ് ട്രഷറിയിൽ അക്കൗണ്ട് (നം: ടി.എസ്.ബി-1748) ആരംഭിച്ച് നിക്ഷേപിച്ചിട്ടുണ്ട്. അബ്ദുൾ ഗഫൂർ, ബിൽഡിംഗ് ഇൻസ്പെക്ടർ, മുനിസിപ്പൽ ഓഫീസ്, തിരുവല്ല എന്ന പേരിലാണ് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്. ഇപ്രകാരം ഒരു അക്കൗണ്ട് ആരംഭിച്ചത് 30.6.98 ലെ ഉത്തരവ് പ്രകാരം ആണെന്ന് ഓഫീസ് നോട്ടിൽ കാണുന്നു. ഈ ഉത്തരവിനെ സംബന്ധിച്ച യാതൊരു വിശദീകരണവും ഫയലിൽ ലഭ്യമല്ല.. ഇത് സർക്കാർ ഉത്തരവാണോ, കൗൺസിൽ തീരുമാനമാണോ, ഈ ഉത്തരവിന്റെ സാധുത എന്ത് തുടങ്ങിയ യാതൊരു വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ ഈ ഉത്തരവിന്റെ സാധുത നിർണ്ണയിക്കാനാവില്ല. ഉത്തരവ് എന്തുതന്നെ ആയാലും ഇപ്രകാരം ബിൽഡിംഗ് ഇൻസ്പെക്ടറുടെ പേരിൽ ഒരു സ്വകാര്യ അക്കൗണ്ട് തുടങ്ങിയ അധികൃതരുടെ നടപടി യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല.

മേൽ പറഞ്ഞ പ്രകാരം ഈ പ്രവൃത്തിയുടെ ചെലവിനായി മാത്രം ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങിയെങ്കിൽത്തന്നെയും പ്രവൃത്തിയുടെ വിവിധ നിർവഹണഘട്ടങ്ങളിലായി മൊത്തം 777584/- രൂപ ചെലവായതിൽ 517304/- രൂപ മാത്രമേ ഈ അക്കൗണ്ട് മുഖേന ചെലവാക്കിയിട്ടുള്ളു. 260280/- രൂപ വിവിധ അക്കൗണ്ടുകളിൽ നിന്ന് ചെലവാക്കിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം വിവിധ അക്കൗണ്ടുകളിൽ നിന്നും ചെലവുചെയ്ത നടപടി തന്നെ ദുരുദ്ദേശപരമാണെന്ന് മനസ്സിലാക്കാം.

2. <u>ബിൽഡിംഗ് ഇൻസ്പെക്ടർക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചതിലെ അപാകത.</u>

ഈ പ്രവൃത്തിക്കായി ബിൽഡിംഗ് ഇൻസ്പെക്ടർക്ക് മൊത്തം 519811/- രൂപ മുൻകൂർ നൽകിയതിൽ 520554/- രൂപ പലിശ ഉൾപ്പെടെ ക്രമീകരിച്ചിട്ടുണ്ട്. (ഫയൽ പേജ് നം: 35) ചെലവ് ക്രമീകരിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

(1) 23.10.9? ൽ ചെക്ക് നമ്പർ: ?7228 പ്രകാരം ?11/- രൂപ ലേബർ കോൺട്രാക്ടറായ റെജി ചെറിയാന് നൽകിയതായി പറഞ്ഞ് ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവിന്റെ സാധുത തെളിയിക്കുന്നതിനാധാരമായി തയ്യാറാക്കപ്പെട്ട വർക്ക് ബിൽ പൂർണ്ണമല്ലാതെന്ന് കാണുന്നു. വർക്ക് ബില്ലിന്റെ പാർട്ട് 2, 3, 4 എന്നിവ പൂരിപ്പിക്കുകയോ, അധികൃതർ ഒപ്പു വെയ്ക്കുകയോ ചെയ്തിട്ടില്ല. കരാറുകാരൻ ബില്ലിൽ ഒപ്പു വെയ്ക്കുകയോ, കൈപ്പറ്റ് രസീത് നൽകുകയോ ചെയ്തിട്ടില്ല. ഓഫീസ് നോട്ട് പ്രകാരം ഈ ചെലവ് ശുപാർശ ചെയ്ത് ചെലവ് അനുവാദം വാങ്ങിയിട്ടുള്ളതായും കാണുന്നില്ല. മേൽ സാഹചര്യങ്ങളിൽ ഈ ചെലവിന്റെ നിജസ്ഥിതി സംശയാസ്പദമാണ്.

(2) ചെക്ക് നമ്പർ: 497235, 497236 എന്നിവ പ്രകാരം യഥാക്രമം 33839/- രൂപയും, 12375/- രൂപയും ചെലവിൽ ക്രമീകരിച്ചിട്ടുണ്ടെങ്കിലും ഈ തുക ആർക്ക്, എന്താവശ്യത്തിന് കൊടുത്തുവെന്ന വിവരം ലഭ്യമല്ല. ഈ ചെലവിനെ സാധൂകരിക്കുന്നതിന് വർക്ക് ബിൽ തയ്യാറാക്കുകയും ചെയ്തിട്ടില്ല. ഓഫീസ് നോട്ട് പ്രകാരം ഈ ചെലവ് ശുപാർശ ചെയ്ത് ചെലവനുവാദം വാങ്ങിയിട്ടുള്ളതായും കാണുന്നില്ല. ചുരുക്കത്തിൽ ഈ ചെലവ് യഥാർത്ഥ്യമാണെന്ന് വിശ്വസിക്കുവാൻ ഉപോദ്ബലകമായ യാതൊരു രേഖയും തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ചെലവ് അനധികൃതവും വ്യാജവുമാണെന്ന് കരുതുന്നതിൽ തെറ്റില്ല.

(3) 3.6.99 ൽ ചെക്ക് നം: 497237 പ്രകാരം 38641/- രൂപ നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്തതിന് അടിസ്ഥാനമായി ബിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഫയൽ നമ്പർ: പേജ്. 29 ൽ ചെലവനുവാദം നൽകിയിട്ടുണ്ടെങ്കിലും കരാറുകാരൻ വിതരണം ചെയ്ത സാധനങ്ങളുടെ വിവരങ്ങളും അളവും രേഖപ്പെടുത്തിയിട്ടില്ല. അളവ് രേഖപ്പെടുത്തിയിട്ടുണ്ടെന്നു പറയുന്ന 52/97-ാം നമ്പർ എം. ബുക്ക് പരിശോധനയ്ക്ക് ലഭിച്ചിട്ടുമില്ല. ആയതിനാൽ ഈ ചെലവിന്റെ നിജസ്ഥിതി സംശയാസ്പദമാണ്.

3. <u>മരാമത്ത് ബില്ലുകളിലെ അപാകതകൾ.</u>

പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരന് നൽകിയ തുകകളെ സാധൂകരിക്കുന്നതിനാധാരമായ ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതിൽ ധാരാളം അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

(....8)

(1) ഭൂരിഭാഗം ബില്ലുകളിലും പാർട്ട് 3, 4 എന്നിവ പൂരിപ്പിച്ച് അധികൃതർ (മുനിസിപ്പൽ എൻജിനീയർ, സെക്രട്ടറി, ചെയർ പേഴ്സൺ എന്നിവർ) ഒപ്പുവെച്ചിട്ടില്ല.

(2) ഒരൊറ്റ ബില്ലിലും കരാറുകാരന്റെ കൈയ്യൊപ്പ് രേഖപ്പെടുത്തിയിട്ടില്ല. പ്രത്യേകം കൈപ്പറ്റ് രസീതും വാങ്ങി സൂക്ഷിച്ചിട്ടില്ല.

(3) ഓഫീസ് നോട്ട് പ്രകാരം ചെലവു ചെയ്ത താഴെ പറയുന്ന തുകകളുടെ സാധുത ഉറപ്പാക്കുന്നതിനാധാരമായ വർക്ക് ബിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

| | | |
|---|---|---|
| 1) | ചെക്ക് നം: 497227/13.10.98 | 103373/- രൂപ |
| 2) | " 497233/14.5.99 | 19500/- " |
| 3) | " 497234/14.5.99 | 23400/- " |

(4) ബിൽഡിംഗ് ഇൻസ്പെക്ടർക്ക് നൽകിയ മുൻകൂറിൽ നിന്നും ചെലവ് ചെയ്ത് ക്രമീകരിച്ചുവെന്ന് പറയുന്ന 89855/- രൂപയുടെ സാധുത തെളിയിക്കുന്നതിന് മരാമത്ത് ബില്ലുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (ഇതു സംബന്ധിച്ച പ്രത്യേക പരാമർശം കണ്ടാലും).

ഫയലു പ്രകാരം 750214/- രൂപ ചെലവായിട്ടുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും ഇതിൽ 545011/- രൂപയ്ക്ക് മാത്രമേ വർക്ക ബില്ലുകൾ തയ്യാറാക്കി ചേർത്തിട്ടുള്ളൂ. ഈ ബില്ലുകളാവട്ടെ പൂർണ്ണവുമല്ല. ആയതിനാൽ ബില്ലുകൾ പ്രകാരമുള്ള ചെലവിന്റെ കൃത്യത ഓഡിറ്റിന് ബോദ്ധ്യമാകുന്നില്ല.

4. <u>നിർമ്മാണ സാമഗ്രികൾ അധികം/കുറവ് വാങ്ങിയത്.</u>

നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ ഏതാനം സാധനങ്ങൾ ആവശ്യമായ അളവിനേക്കാൾ കൂടുതൽ കരാറുകാരനിൽ നിന്ന് വാങ്ങി അധിക ചെലവ് വരുത്തിയിട്ടുണ്ട്. കൂടാതെ ഏതാനം നിർമ്മാണ സാമഗ്രികൾ ആവശ്യമായതിനേക്കാൾ കുറവ് അളവിലാണ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| SL.No | Description and Quantity of work actually done | River Sand m³ | Rubble m³ | Metal 20mm m³ | Metal 40mm m³ | Cement Kg | Briks Nos. | Iron |
|---|---|---|---|---|---|---|---|---|
| | | Quantity of Meterials required. | | | | | | |
| | | 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | Cement concrete 1:4:8 using 40mm metal for foundation including watering curring etc., 9.075m³ | 4.36 | - | - | 8.62 | 1551.8 | - | - |
| 2. | Re-inforcement cement concrete 1:2:4 using 20mm broken stone including all form work watering curring etc., but excluding the cost of steel for column footing. 24058 dm³ | 10.83 | - | 21.65 | - | 7939.14 | - | - |
| 3. | Re-inforcement cement concrete 1:2:4 using 20mm broken stone including all form work watering curring etc., complete for columns. 12578 dm³ | 5.66 | - | 11.32 | - | 4150.74 | - | - |
| 4. | Re-inforcement cement concrete 1:2:4 using 20mm metal including all form work watering curring etc., complete but excluding cost of re-inforcement for lintel beam and shade. 13904 dm³ | 6.23 | - | 12.51 | - | 4588.32 | - | - |

(...10)

| | | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|---|
| 5. | ....do ....do........... for slab. 36231 $dm^3$ | 16.30 | - | 32.61 | - | 11956.23 | - | - |
| 6. | Re-inforcement cement concrete 1:2:4 using 20mm normal size broken stone including all form work watering curring etc., complete for drop. 1652$dm^3$ | 0.74 | - | 1.49 | - | 545.16 | - | - |
| 7. | Rubble in cement mortar 1:8 for foundation 43.43 $m^3$ | 13.03 | 43.43 | - | - | 2345.22 | - | - |
| 8. | Brick in cement mortar 1:6 for super structure including all scafolding and proper watering curring etc., 38.32 $m^3$(Please see the footnote). | 9.2 | - | - | - | 1647.76 | 15830 | - |
| 9. | Flooring with cement concrete 1:4:8 using 40mm metal using 75mm thick including plastering with cement mortar 1:4, 12mm thick one coat floated hard and trowelled smooth | 5.07 | | | | 1807.04 | | |
| | 40.9 $m^2$ | 21.14 | - | - | 10.34 | 7608.6 | - | - |

(...[illegible])

| | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|
| 10. Plastering with cement mortar 1:3, 9mm thick under side of R.C.C slab. 242.29m$^2$ | 2.18 | - | - | - | 1041.85 | - | - |
| 11. Plastering with cement mortar 1:5, 12mm thick one coat floated hard and trowelled smooth inside of the building 267.59m$^2$ | 4.01 | - | - | - | 1150.64 | - | - |
| 12. ....do.....do.............. outside of the building in C.M, 1:4, 12mm thick. 206.7/ m$^2$ | 3.10 | - | - | - | 1116.56 | - | - |
| 13. Re-inforcement for R.C.C work bent tied and place in position. 76.04 Qtl. | - | - | - | - | - | - | 7984 kg including 5% waste. |

<u>EXTRA ITEMS</u>.

| | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|
| 1. Dry rubble work for levelling course. 12.33 m$^3$ | - | 12.95 | - | - | - | - | - |
| 2. Providing border 75mm wide & 15mm in C.C 1:3(₨ 99/m as per 99 schedule) 34.99m | 0.05 | - | - | - | 20.99 | - | - |

(.....12)

| | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|
| 3. Pointing R.R masonry with cm 1:3 (Rs. 212/10m$^2$ as per 99 schedule). | 0.03 | - | - | - | 11.04 | - | - |
| Total | 101.93 | 56.38 | 79.58 | 18.96 | 47481.09 | 15830 | 7984 |
| Quantity purchased from the Contractor. | 165.25 | 39.22 | 104.33 | 17 | 48500 | 19500 | 9965 |
| Excess/ short | * 63.32 | (-) 17.16 | * 24.75 | (-) 1.96 | 1018.91 | 3670 | 1981 |

NOTE: Number of bricks calculated is for the construction using metric modular bricks of 19x9x9 cm size.

(....*..13)

**അധിക/കുറവ് നിർമ്മാണ സാമഗ്രികൾ കരാറുകാരനിൽ നിന്ന് വാങ്ങിയതുമൂലം ഉണ്ടായിട്ടുള്ള അധിക ചെലവിന്റെ വിവരം.**

1. ആറ്റു മണൽ-അധികം വാങ്ങിയത് 64 മീ.$^3$ — 24320/- രൂപ.
(380/- രൂപ ഒരു മീ. ക്യൂബിന്)
(ആദ്യത്തേത് റദ്ദു ചെയ്ത് രണ്ടാമത്തെ കരാറുകാരനിൽ നിന്ന് 69 മീ.$^2$ മണൽ വാങ്ങിയതിന് 380/- രൂപ പ്രകാരമാണ് നൽകിയിട്ടുള്ളത്).

2. മെറ്റൽ - 20 മി. മീ. - അധികം വാങ്ങിയത് 24.75 മീ.$^3$ (ഒരു മീ. ക്യൂബിന് 570/-രൂ) — 14107.5/- രൂപ.

3. വയർ കട്ട് ബ്രിക്സ് - അധികം 3670 എണ്ണം (ഒന്നിന് 2.20 രൂപ) — 8074/- "

4. കമ്പി - അധികം 1981 കി. ഗ്രാം
(ഒരു കി. ഗ്രാമിന് 16.8 രൂപ) — 33280.8 "

5. സിമന്റ് - അധികം 20 ബാഗ്
(ഒരു ബാഗിന് 165/- രൂപ) — 3300/- "

6. റബിൾ-കുറവ് - 17.16 മീ.$^3$
17.16 മീ. ക്യൂബ് റബിൾ ഉപയോഗിച്ച് നടത്താവുന്ന 16.34 മീ.$^3$ റബിൾ മേസൺറിക്ക് ലേബർ കൂലിയിനത്തിൽ നൽകിയത് (1 മീ. ക്യൂബിന് 194 രൂപ). — 3169.96 "

7. റബിൾ മേസൺറി - 16.34 മീ.$^3$ നുള്ള നിർമ്മാണ സാമഗ്രികൾ.
മണൽ - 3.92 മീ.$^3$ (380/മീ.$^3$) — 1489.60
സിമന്റ് - 702.62 കി. ഗ്രാം (165/ബാഗ്) — 2318.65 "

ആകെ: 90060.51

= 90061/- രൂപ

==========

(...14)

നോട്ട്:-

അധികം വന്ന 450 കി.ഗ്രാം കമ്പി ഓഫീസ് കോമ്പൌണ്ടിൽ സൂക്ഷിച്ചിട്ടു-ള്ളതായി ഫയലിൽ പറയുന്നുണ്ട്. 1531 കി.ഗ്രാം കമ്പിയുടെ കാര്യം ഒന്നും തന്നെ പറയുന്നില്ല. അതുപോലെ, 50 ബാഗ് സിമിന്റ് മറ്റൊരു പ്രവൃത്തിക്ക് നൽകിയതായി പറയുന്നു. 20 ബാഗ് [illegible] മാത്രമാണ് അധികം വാങ്ങിയിട്ടുള്ളത്. പ്രവൃത്തിക്ക് ആവശ്യമായതിൽ 30 ബാഗ് സിമിന്റ് കുറവാണ് ഉപയോഗിച്ചിട്ടുള്ളത്. സിമിന്റും കമ്പിയും ഈ പ്രവൃത്തിക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിൽ കരാറുകാരനിൽ നിന്ന് ആ ഇനത്തിൽ ഈടാക്കിയ വില 90061/- രൂപയിൽ നിന്ന് കുറവു ചെയ്യാവുന്നതാണ്. ഓഫീസ് കോമ്പൌണ്ടിൽ കമ്പി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അവ ഉപയോഗിക്കാൻ കഴിയാത്തതിനാൽ വില കുറവു ചെയ്യാവുന്നതല്ല. ആവശ്യമുള്ളതിനേക്കാൾ അധിക സാധനങ്ങൾ വാങ്ങിയതു മൂലം പൊതുപണം ദുരുപയോഗം ചെയ്തതിന് സാങ്കേതിക വിഭാഗം മാത്രമാണ് ഉത്തരവാദി.

19 x 9 x9 സെ.മീ. അളവിലുള്ള മെട്രിക് മോഡുലർ കടകൾ ഉപയോഗിക്കുന്നതിനായിരുന്നു 96 ലെ ഷെഡ്യൂൾ നിരക്കനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിനോടൊപ്പമുള്ള ഡ്രായിംഗിൽ കടകളുടെ എണ്ണവും നിരക്കും കണക്കാക്കിയിട്ടുള്ളത്. (മെട്രിക് മോഡുലാർ കടകളെ ഉപയോഗിക്കാൻ പാടുള്ളുവെന്ന് പൊതു മരാമത്ത് വകുപ്പ് നിർദ്ദേശിച്ചിട്ടുമുണ്ട്). എന്നാൽ ഭിത്തിയുടെ ഘനം, ബീമിന്റെ വീതി എന്നിവ 23 സെ.മീ. ആണ് കണക്കാക്കിയിട്ടുള്ളത്. 19x9x9 സെ.മീ. വലിപ്പമുള്ള കടകൾ ഉപയോഗിച്ചാൽ ഭിത്തിയുടെ ഘനം 19 സെ.മീ മാത്രമേ വരുകയുള്ളൂ. എന്നാൽ ഇത് 23 സെ.മീ ആയി കണക്കാക്കിയതു മൂലം അധിക കടകൾ ഉപയോഗിച്ചതു കൂടാതെ വിവിധ ഇനങ്ങൾക്ക് വന്നിട്ടുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വിവരം | കണക്കാക്കിയ അളവ് | അർഹമായ അളവ് | അധിക ചെലവ് | |
|---|---|---|---|---|---|
| 1. | ഭിത്തി കെട്ട് | 38.32 മീ.$^3$ | 31.66മീ.$^3$ | കൂലി | 1645/-രൂപ. |
| 2. | " | " | " | മണൽ | 608/- " |
| 3. | " | " | " | സിമിന്റ് | 1275/- " |
| 4. | 1:2:4 എന്ന അനുപാതത്തിൽ 20 മി മി മെറ്റൽ ഉപയോഗിച്ച് ഗ്രേഡ് ബീ., ബേസ്മെന്റ്, ബീം എന്നിവയ്ക്കുള്ള കോൺക്രീറ്റ് | 28.87മീ.$^3$ | 23.85മീ.$^3$ | കൂലി | 6275/-രൂപ. |
| 5. | " | " | " | മെറ്റൽ | 2576/- |
| 6. | " | " | " | മണൽ | 859/- " |
| 7. | " | " | " | സിമിന്റ് | 5467/- " |

5) [illegible] നിരക്ക്/ പ്രാദേശിക നിരക്ക് പ്രകാരം [illegible]
[illegible] -

| Item No. | Description | Qty as per Estimate | Qty of work done | Rate & amount as per 1996 schedule (including 10% C.P). | Excess/ Extra work Excess amount as per S/R | Rate & amount as per estimate(Local Rate) | Excess/Extra work - Excess amount as per L/R |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1. | Cleaning the site and removing the existing structures and carefully stacking useful materials for re-use. | 10Nos | 10Nos | 62.7/E<br>Rs 627/- | - | 100/E<br>Rs 800 | - |
| 2. | Earth work excavation for foundation in ordinary soil including filling the basement as per [illegible] 5/ | $81m^3$ | $126.54m^3$ | $209.51/10m^3$<br>Rs. 2651/- | Rs. 954/- | $350/10m^3$<br>Rs. 4429/- | Rs. 1594/- |
| 3. | Cement concrete [illegible] 1:4:8 using 40mm metal for foundation including watering curring etc., | $10m^3$ | $9.075m^3$ | $965.42/m^3$<br>Rs.8761/- | - | $1282.13/m^3$<br>Rs. 11635/- | - |

(...16)

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 4. | Re-inforcement cement concrete 1:2:4 using 20mm broken stone including all form work watering curring etc., but excluding the cost of steel for column footing. | 22100dm$^3$ | 24058dm$^3$ | 17.25/10dm$^3$ Rs.41500/- | Rs 3378/- | 25.10/10dm$^3$ Rs.60386/- | Rs. 4915/- |
| 5. | Re-inforcement cement concrete 1:2:4 using 20mm broken stone including all form work watering curring etc., complete for columns. | 7000dm$^3$ | 12578dm$^3$ | 34.39/10dm$^3$ Rs.43256/- | Rs.19133/- | 45.27/10dm$^3$ Rs.56941/- | Rs. 2[illegible]254 |
| 6. | Re-inforcement cement concrete 1:2:4 using 20mm metal including all form work watering curring etc., complete but excluding cost of re-inforcement for linter beam and shade. | 14000dm$^3$ | 13904dm$^3$ | 30.38/10dm$^3$ Rs.42240/- | Rs. - | 40.79/10dm$^3$ Rs. 56714/- | |
| 7. | ----do--- do----- for slab. | 29800dm$^3$ | 36231dm$^3$ | 30.38/10dm$^3$ Rs.110070/- | Rs.19537/- | 32.29/10dm$^3$ Rs.116990/- | Rs. 20766/- |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 8. | Re-inforcement cement concrete 1:2:4 using 20mm normal size broken stone including all form work watering curring etc., complete for drop. | 445dm$^3$ | 1652dm$^3$ | 45.97/10dm$^3$ Rs. 7594/- | Rs. 5549/- | 78.44/10dm$^3$ Rs. 12958/- | Rs.9[illegible] |
| 9. | Rubble in cement mortar 1:8 for foundation. | 21m$^3$ | 43.43m$^3$ | 542.3/m$^3$ Rs.23552/- | Rs, 12164/- | 761.23/m$^3$ Rs. 33060/- | Rs. 17074/- |
| 10. | Brick in cement mortar 1:6 for super structure including all scafolding and proper watering curring etc., | 53m$^3$ | 38.32m$^3$ | 855.25/m$^3$ Rs.32773/- | Rs. - | 1211.80/m$^3$ Rs. 46436/- | - |
| 11. | Brick in cement mortar 1:6 for stair cabin. | - | - Not done | - | - | - | - |
| 12. | Supplying and fitting rolling shutters of approved make as per specification. | 6820dm$^2$ | 5651dm$^2$ | 85.21/10dm$^2$ Rs. 48152/- | - | 81.15/10dm$^2$ Rs. 45858/- | |
| 12(a) | Supplying and fitting roller shutter cover. | 24m | 17.10m | 263.34/m Rs. 4503/- | - | 251.4/m Rs. 4299/- | - |

(.....18 )

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 13. | Flooring with cement concrete 1:4:8 using 40mm metal using 75mm thick including plastering with cement mortar 1:4, 12mm thick one coat floated hard and trowelled smooth. | 166m$^2$ | 140.9[illegible]m$^2$ | 1026.45/10m$^2$ Rs. 14463/- | - | 1495.76/10m$^2$ Rs. 21075/- | |
| 14. | Plastering with cement mortar 1:3, 9mm thick under side of R.C.C slab. | 300m$^2$ | 242.29m$^2$ | 299.05/m$^2$ Rs. 7246/- | - | 444.53/10m$^2$ Rs. 10771/- | |
| 15. | Deleted. | | | | | | |
| 16. | Plastering with cement mortar 1:5, 12mm thick one coat floated hard and trowelled smooth inside of the building. | 445m$^2$ | 267.59m$^2$ | 306.4/10m$^2$ Rs. 8199/- | - | 462.33/10m$^2$ Rs. 12371/- | |
| 17. | ......do .... do...... outside of the building in C.M, 1:4, 12mm thick. | 223m$^2$ | 206.77m$^2$ | 335.73/10m$^2$ Rs.6942/- | - | 498.23/10m$^2$ Rs. 10302/- | |

(...19)

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 18. | Anjili wood planed and framed work for doors, windows and ventilators. | - | - | Not seen | done | - | |
| 19. | Providing prolibor bar for ventilators. | 50kg | 34.9kg | 1683.84/Qtl Rs. 588/- | - | 2050/Qtl Rs. 715/- | - |
| 20. | Supplying and fitting Anjili wood fully panelled shutters as per standard drawing to suit the door frame already fixed excluding cost of fittings etc., complete. | $170dm^2$ | - | Not | seen | done | - |
| 21. (a) | Supplying and fitting 150mm size Aluminium but hinges. | 10nos | | | " | | |
| (b) | Supplying and fitting 150mm tower bolts (Aluminium) | 5nos | | | " | | |
| (c) | Supplying and fittings 200mm size aldrop with pad lock | 1 No. | | | " | | |
| (d) | Supplying and fitting Brass Screws | 1000nos. | | | " | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 22. | Re-inforcement for R.C.C work bent tied and place in position. | 72.5Qty | 76.04Qty | 1606.78/Qty Rs.122180/- | Rs.5688/- | 1911.5/Qty Rs. 145350/- | Rs. 6767/- |
| 23. | Finishing with white cement one coat over the newly plastered walls after cleaning the surface. | 668m$^2$ | - | Not seen | done | - | |
| 24. | Polishing with water proof cement paint two coat over the newly plastered wall as Item 17. | 250m$^2$ | - | " | | - | |
| 25. | Painting with synthatic enamel paint one coat over the priming coat already done to new wood work and new work. | 150m$^2$ | - | " | | - | |
| 26. | White washing two coat to under of R.C.C slab. | 600m$^2$ | | " | | | |
| 27. | Providing hand rail with teak wood frame of size. 7x12 cm Supporting on 32X6mm m.s. flat at top and 16mm dia M.S.rod vertically at 15cm C to C etc., as per specification etc. | L.S. 5000/- | | " | | | |
| 28. | Provisions for electrification. | L.S 6500/- | | " | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 29. | Provision for unforseen items. | | | | | | |
| | <u>EXTRA ITEMS</u> (Rate as per 1999 schedule) | | | | | | |
| 1. | Dry rubble work for levelling course (Rs. 525/$m^3$ as per 99 schedule). | - | 12.33$m^3$ | 525/$m^3$ Rs.6473/- | Rs. 6473/- | 525/$m^3$ Rs.6473/- | Rs. 6473/- |
| 2. | Earth filling the basement with deptl: earth. | Not admissible since this item of work included in item No. 2. | | | | | |
| 3. | Providing border 75mm wide & 15mm in C.C 1:3(Rs.99/m as per 99 schedule). | - | 34.9m | 99/m Rs. 3455/- | Rs. 3455/- | 99/m Rs.3455/- | Rs. 3455/- |
| 4. | Pointing R R masonry with cm 1:3( Rs. 212/10$m^2$ as per 99 schedule). | - | 11.04$m^2$ | 212/10$m^2$ Rs.234/- | Rs. 234/- | 212/10$m^2$ Rs.234/- | Rs. 2[illegible]/- |
| 5. | Removing the excavated earth by engaging man cooly. | - | Not admissible since this item included in item No. 2. | | | | |
| | Total | | | Rs.535459/- | Rs.76615/- | Rs.661252/- | Rs. 95[illegible]/- |

(....22)

96 ലെ ഷെഡ്യൂൾ നിരക്കനുസരിച്ചും ലോക്കൽ റേറ്റ് അനുസരിച്ചും അധിക ഇനം/അധിക അളവ് ഉൾപ്പെടെ ഈ മരാമത്ത് പ്രവൃത്തിയുടെ മൂല്യനിർണ്ണയങ്ങളിൽ നിന്ന് താഴെ പറയും പ്രകാരമുള്ള പ്രതിഫലത്തിന് അർഹതയില്ലാത്തതാകുന്നു.

| | അനുവദനീയമല്ലാത്ത പ്രതിഫലത്തിന്റെ വിവരം | 96 ലെ ഷെഡ്യൂൾ അനുസരിച്ച് | ലോക്കൽ റേറ്റ് അനുസരിച്ച് |
|---|---|---|---|
| 1. | എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ റബിൾ മേസൺറി പ്രവൃത്തി ചെയ്യുവാൻ ആവശ്യമായ അളവിനേക്കാൾ കുറച്ച് റബിൾ വാങ്ങിയത്. 17.16 മീ$^3$. കുറവു വാങ്ങിയ 17.16 മീ$^3$ റബിൾ ഉപയോഗിച്ച് 16.34 മീ$^3$ റബിൾ മേസൺറി പ്രവൃത്തിക്ക് കണക്കാക്കിയ പ്രതിഫലം. | 16.34 x 542.3/മീ$^3$ =8861/-രൂ | 16.34 x 761.23/മീ$^3$ = 12438/-രൂപ. |
| 2. | പൊതു മരാമത്ത് വകുപ്പിന്റെ സർക്കുലറിലെ നിർദ്ദേശ പ്രകാരം 19x9x9 സെ.മീ അളവിലുള്ള മെട്രിക് മോഡുലാർ കട്ടകൾ ഉപയോഗിക്കാത്തത് മൂലം ആകെ നിർമ്മാണ ചെലവിനുള്ള നഷ്ടം 2% (സർക്കുലർ നമ്പർ: CE(B&LW) Tvm No. PL(H) 59640/86) | 486781/- രൂപയുടെ (സി പി ഉൾപ്പെടാതെയുള്ള മൂല്യത്തിന്റെ) 2% 9736/-രൂപ | 13225/- രൂപ |
| 3. | പ്രവൃത്തിക്ക് 950 ബാഗ് സിമിന്റ് മാത്രം ആവശ്യമായിരിക്കെ 970 ബാഗ് സിമിന്റ് വാങ്ങിയെങ്കിലും ഇതിൽ 50 ബാഗ് സിമിന്റ് മറ്റൊരു പ്രവൃത്തിക്ക് നൽകിയതു മൂലം കുറച്ച് ഉപയോഗിച്ച 30 ബാഗ് സിമിന്റിന്റെ വിലയും കൺവേയൻസും. | 3992/-രൂപ | 4800/-രൂപ |
| | ആകെ: | 22589/-രൂപ | 30463/- രൂപ. |

മേൽ പറഞ്ഞ പ്രകാരം അനുവദനീയമല്ലാത്ത പ്രതിഫലം കുറച്ച് ചെയ്ത ശരിയായ മൂല്യം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| (1) | 96 ലെ ഷെഡ്യൂൾ പ്രകാരം ലാഭ വിഹിതം ഉൾപ്പെടുത്തി കണക്കാക്കിയ മൂല്യം. | 535459/- രൂപ |
| (1.) | കുറയ്ക്കുക 10% ലാഭവിഹിതം | 48678/- " |
| (2.) | അനുവദനീയമല്ലാത്ത പ്രതിഫലം | 22589/- " |
| | | 464192/- രൂപ. |

(...23)

| | | |
|---|---|---|
| | | 464192/- രൂപ |
| കൂട്ടുക | 10% ലാഭവിഹിതം | 46419/- രൂപ |
| | ആകെ: | 510611/- രൂപ |

2) പ്രാദേശിക നിരക്ക് പ്രകാരം കണക്കാക്കിയ മൂല്യം — 661252/- രൂപ

കുറയ്ക്കുക

അനുവദനീയമല്ലാത്ത പ്രതിഫലം — 30463/-

630789/- രൂപ

നഗരസഭ നേരിട്ട് നടപ്പിലാക്കിയ ഈ പ്രവൃത്തിയ്ക്ക് മൊത്തം 750214/- രൂപ ചെലവു വന്നതായി കാണുന്നു. ഈ പ്രവൃത്തി കരാർ നൽകിയിരുന്നു വെങ്കിൽ 96ലെ ഷെഡ്യൂൾ പ്രകാരം കണക്കാക്കിയ പ്രവൃത്തി മൂല്യവും ലാഭവിഹിതം ഉൾപ്പെടാതെയുള്ള ഷെഡ്യൂൾ നിരക്കിനേക്കാൾ 40% ടെൻഡർ എക്സസ് കൂടി കണക്കാക്കിയാൽ (x) പരമാവധി ~~[illegible]~~ 692223/- രൂപ മാത്രമേ ചെലവാകുമായിരുന്നുള്ളൂ. പ്രവൃത്തി ടെൻഡർ ചെയ്തിരുന്നുവെങ്കിൽ 40% ലും കുറഞ്ഞ നിരക്കിന് കരാർ പോകാൻ സാദ്ധ്യതയുണ്ടായിരുന്നു. പ്രാദേശിക നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതനുസരിച്ച് നഗരസഭ നേരിട്ട് ചെയ്യുവാൻ തീരുമാനിച്ച ഈ പ്രവൃത്തിയ്ക്ക് 630789/- രൂപ മാത്രമേ ചെലവാകുമായിരുന്നുള്ളൂ.

## സംഗ്രഹം

ഈ കരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൻമേൽ കേരള നിയമസഭ - ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മറ്റിയ്ക്ക് നഗരസഭയിൽ നിന്ന് സമർപ്പിച്ച മറുപടി തെറ്റിദ്ധരിപ്പിക്കുന്നതും യാഥാർത്ഥ്യവുമല്ലാത്തതാണെന്ന് കാണുന്നു. പ്രവൃത്തിയുമായി ബന്ധപ്പെട്ട് പത്രപരസ്യം തുടങ്ങിയ 27370/- രൂപയുടെ ഇതരചെലവുകൾ ഉൾപ്പെടെ ഈ പ്രവൃത്തിയ്ക്ക് മൊത്തം 777584/- രൂപ ചെലവായിട്ടുള്ളതായി കാണുന്നു. എന്നാൽ നഗരസഭ സമർപ്പിച്ച മറുപടിയിൽ 520554/- രൂപ മാത്രമേ ഈ പ്രവൃത്തിയ്ക്ക് ചെലവായിട്ടുള്ളൂവെന്ന തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനയാണ് അധികൃതർ നടത്തിയിട്ടുള്ളത്. ബിൽഡിംഗ് ഇൻസ്പെക്ടർക്ക് നൽകിയ മുൻകൂറിൽ നിന്നുള്ള ചെലവ് മാത്രമാണ് 520554/- രൂപ. ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ ഉൾപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മറ്റിയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മറുപടി നൽകിയ അധികൃതരുടെ നടപടി ഏറെ ഗുരുതരമായി കണക്കാക്കി നടപടി ഉണ്ടാകണമെന്ന് ശുപാർശ ചെയ്യുന്നു.

(...24)

(x) [illegible] 10162/- [illegible]

ദർഘാസും പുനർ ദർഘാസും പ്രസിദ്ധീകരിച്ചിട്ട് കരാർ ഒന്നും എടുക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഡിപ്പാർട്ട്മെന്റലായി നിർവഹിക്കാൻ തീരുമാനിക്കേണ്ടിവരുന്നത്. എന്നാൽ ഈ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ ആദ്യം തന്നെ ഡിപ്പാർട്ട് മെന്റലായി പ്രവൃത്തി ചെയ്യുവാൻ തീരുമാനിച്ചതിൽ ദുരൂഹതയുള്ളതായി കാണുന്നു.

ഈ പ്രവൃത്തിയുടെ നിർവഹണത്തിൽ ഗുരുതരമായ ധാരാളം വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ നഗരസഭ നേരിട്ട് നടത്തിയ ഈ പ്രവൃത്തിയിൽ ഉണ്ടായിട്ടുള്ള വ്യക്തമായ സാമ്പത്തിക നഷ്ടം 154980/- രൂപയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| റിപ്പോർട്ട് | ഖണ്ഡിക | 2(2) | - | 33839/- രൂപ |
| " | " | " | | 12375/- " |
| " | " | 4 | - | 90061/- " |
| " | " | " | | 18705/- " |
| | | ആകെ | | 1,54,980/- രൂ |

നഗരസഭയ്ക്ക് 154980/- രൂപ നഷ്ടം വന്നതിന് നഗരസഭ സെക്രട്ടറി, ബിൽഡിംഗ് ഇൻസ്പെക്ടർ, നഗരസഭ ചെയർമാൻ എന്നിവർ വ്യക്തിപരമായി തന്നെ ഉത്തരവാദികളായതിനാൽ നഷ്ടം ഇവരിൽ നിന്നും തുല്യമായി ഈടാക്കുവാൻ ശുപാർശ ചെയ്യുന്നു.

ആവശ്യമായ ഗുണനിലവാരം പുലർത്തിയാണോ പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് നിർണ്ണയിക്കുവാൻ സാങ്കേതിക വിദഗ്ദരെക്കൊണ്ട് അന്വേഷിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും അഭിപ്രായപ്പെടുന്നു.

പൊതുപണം ചെലവു ചെയ്യുമ്പോൾ രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ നിരുത്തരവാദിത്വത്തോടെയുള്ള സമീപനം സ്വീകരിക്കുന്നവർക്കെതിരെ കർശനമായ നടപടി ഉണ്ടാകേണ്ടതാണെന്നും ശുപാർശ ചെയ്യുന്നു.

വിശ്വസ്തതയോടെ,

Radhabai

ഡെപ്യൂട്ടി ഡയറക്ടർ (ജി. ഗ്രേഡ്),
പത്തനംതിട്ട.